# പ്രതീക്ഷയുടെ പൂമൊട്ടുകൾ

മംഗലവാർത്ത - പിറവി ലക്കം 2014




പ്രോസാങ്ങ്ടിറ്റി പബ്ലിക്കേഷൻസ്



# പിതൃമൊഴി

**ദൈവദാസൻ ബിഷപ് വില്യം ജക്വീന്താ**

- ദൈവത്തിൽ നിന്നും മനുഷ്യനിലേക്കു പ്രവഹിക്കുന്ന യഥാർത്ഥവും എന്നാൽ കാണപ്പെടാത്തതുമായ ഒരു ശക്തിയാണ് ദൈവകൃപയുടെ ശക്തി.
- പ്രേഷിത പ്രവർത്തനത്തിന്റെ യഥാർത്ഥ ഫലദായകത്വം അടങ്ങിയിരിക്കുന്നത് പ്രാർത്ഥനയുടെ തീവ്രതയിലാണ്.
- ദൈവത്തെയും സഹോദരങ്ങളെയും പരമാവധിസ്നേഹിക്കുക എന്നതാണ് ആദ്ധ്യാത്മിക സാഹോദര്യം.
- മാവിനെ പുളിപ്പിക്കുന്ന പുളിമാവായും രുചി പകരുന്ന ഉപ്പായും തീരുമ്പോഴാണ് പുതുജീവിതത്തിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുന്ന വിശുദ്ധിയുടെയും സാഹോദര്യത്തിന്റെയും വിത്തുകളാകാൻ നമുക്കു സാധിക്കുക.
- സഹോദരന്റെ നേർക്കുള്ള സ്നേഹബന്ധത്തിന്റെ അടിസ്ഥാനമാണ് എളിമ എന്ന പുണ്യം.
- സാഹോദര്യ സ്നേഹം സൗമ്യതയുടെ അരൂപിയിലാണു പുഷ്പിക്കുക.
- ദൈവത്തിന്റെ സൃഷ്ടിയായ ഓരോ മനുഷ്യനിലും നന്മയുണ്ട്. അത് തേച്ചുരച്ച് മിനുസപ്പെടുത്തി എടുക്കുന്നതാണ് പ്രേഷിതത്വം.
- പ്രേഷിത പ്രവർവത്തനത്തിന്റെ യഥാർത്ഥഫലദായകത്വം അടങ്ങിയിരിക്കുന്നത് പ്രാർത്ഥനയുടെ തീവ്രതയിലാണ്.
- എന്റെ ജീവിതം ഒരു അവകാശപ്പെടലാകാതെ ഒരു കൊടുക്കലായിരിക്കട്ടെ. യാതൊരു വ്യവസ്ഥയുമില്ലാത്ത കൊടുക്കൽ.
- റിസ്ക് എന്നത് പിതാവിന്റെയും മനുഷ്യവംശത്തിന്റെയും നേർക്കുള്ള ഈശോയുടെ വ്യവസ്ഥയില്ലാത്ത സ്നേഹത്തിലുള്ള ഭാഗഭാഗിത്വമാണ്.
- എളിമയുള്ള വ്യക്തി ലാളിത്യമുള്ളവനും നേർ ചിന്താഗതിക്കാരനും ദൈവത്തിൽ ആശ്രയിക്കുന്നവനും തന്നിൽ നിന്നുതന്നെ സ്വതന്ത്രനും ആയിരിക്കും.
- എളിമ സമാധാനത്തിനുള്ള വ്യവസ്ഥയാണ്. എളിമയുള്ള വ്യക്തി ശാന്തതയുള്ളവനും സഹാനുഭൂതിയുള്ളവനും വിധേയത്വ മനസ്ഥിതി ഉള്ളവനുമായിരിക്കും.
- നമ്മെ കർത്താവുമായി ബന്ധിപ്പിക്കുന്ന സ്വർണച്ചരടാണു ദൈവവചനം.
- എല്ലാവർക്കും എല്ലാം ചെയ്യാൻ പറ്റുകയില്ല. എന്നാൽ അവരവരുടെ ഭാഗം ചെയ്യാൻ എല്ലാവർക്കും സാധിക്കും.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ




വാല്യം 32 മംഗലവാർത്ത - പിറവി ലക്കം 2014

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*


രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**അന്നമ്മ കുളത്തൂപുരയിടം എ.ഒ.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് എ.ഒ.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**അനു കുരിശുംമൂട്ടിൽ എ.ഒ.**
**ജിസ കൂട്ടിയാനിക്കൽ എ.ഒ.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**സ്റ്റെഫി മംഗലത്തുകുന്നേൽ എ.ഒ.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**ഷീലമ്മ പൂതക്കുഴി എ.ഒ.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ഡോളി കണ്ടച്ചാലിൽ എ.ഒ.**



**വാർഷിക വരിസംഖ്യ -100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം. **Tel: 2570862**
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ.**
**കോട്ടയം 686 018**
**ഫോൺ: 0481-2578192,2309774**
**Email: psmktm@gmail.com**


## ഉള്ളടക്കം


- സഭ ത്രിത്വാത്മകസമൂഹം 03
- നിശബ്ദതയുടെ ആരവം 06
- സ്രഷ്ടാവും പരിപാലകനുമായ... 08
- സ്നേഹത്തിന്റെ മംഗളവാർത്ത 10
- വലതുകരം 12
- വി. ചാവറ കുര്യാക്കോസ് ഏലിയസച്ചൻ 14
- വി. എവുപ്രാസ്യാ 15
- വിശുദ്ധിയുടെ മുത്തുകൾക്ക് 16–17
- **Celebrating Christmas in the Manger** 18–19
- ആനന്ദിക്കുവിൻ 20
- വിശ്വസിച്ചവൾ ഭാഗ്യവതി 21
- നീ ഫരിസേയനോ? മിശിഹായോ? 22
- അത്ഭുതങ്ങൾ തീർന്നിട്ടില്ല... 23
- മക്കൾ ദൈവദാനം 25
- മംഗളവാർത്താക്കാലം ക്ഷണിക്കുന്നു 28
- സെനക്കിൾ തരംഗം 29
- സ്വർഗ്ഗം എവിടെ? 30
- അമ്മയോടൊപ്പം അനുഗ്രഹവഴിയേ 31
- വിചാരണ 32

എഡിറ്റോറിയൽ

# മംഗളവാർത്തയുടെ മഹനീയ സന്ദേശം

ഈശോയുടെ മനുഷ്യാവതാരവും മിശിഹായെക്കുറിച്ചുള്ള പഴയനിയമപ്രവചനങ്ങളുടെ പൂർത്തീകരണവും അവിടുത്തെ മുന്നോടിയായ സ്നാപകയോഹന്നാന്റെ ജനനവും പരി. കന്യകാമറിയവും ഈശോയുടെ രഹസ്യജീവിതവുമൊക്കെ പ്രത്യേകം ധ്യാനവിഷയമാക്കുന്ന മംഗളവാർത്തക്കാലത്തിലൂടെ പുതിയ ആരാധനാവത്സരത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ.

'മനുഷ്യനെ ദൈവമാക്കാൻ ദൈവം മനുഷ്യനായി' എന്ന മൊഴി ദൈവപുത്രനും പരിശുദ്ധനുമായ (ലൂക്കാ 1,35) മിശിഹായുടെ ജീവിതമാണ് നാം പിന്തുടരേണ്ടത് എന്ന ഒരു ഓർമ്മപ്പെടുത്തലാണ്. സമാധാനത്തിന്റെയും പ്രത്യാശയുടെയും സന്ദേശവുമായെത്തിയ ദൈവപുത്രൻ, പാപംചെയ്ത് തന്നിൽനിന്ന് അകന്നുപോയ മനുഷ്യമക്കളെ ദൈവമക്കളാക്കി. "നിങ്ങളുടെ സ്വർഗസ്ഥനായ പിതാവ് പരിപൂർണനായിരിക്കുന്നതുപോലെ നിങ്ങളും പരിപൂർണരായിരിക്കുവിൻ" (മത്താ 5,48) എന്ന ആഹ്വാനത്തിലൂടെ പരിപൂർണതയിലേക്കുള്ള, വിശുദ്ധമായ ജീവിതത്തിലേക്കുള്ള വിളിയാണ് നമുക്കു നല്കിയിരിക്കുന്നതെന്ന ബോദ്ധ്യം പരിശുദ്ധനായ അവിടുന്ന് നമുക്കു നല്കി.

മംഗളവാർത്തയുടെയും മനുഷ്യാവതാരത്തിന്റെയും ആത്യന്തികമായ ഫലം പരിശുദ്ധമായ ദൈവപുത്രത്വമാണ്. ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കുചേർക്കപ്പെട്ട പുണ്യാത്മാക്കളായ വിശുദ്ധ ചാവറയച്ചനെയും വിശുദ്ധ എവുപ്രാസ്യാമ്മയെയും ഭാരതസഭയ്ക്കു ലഭിച്ചതിനെയോർത്ത് നമുക്ക് അഭിമാനിക്കാം; ദൈവത്തിനു നന്ദിയർപ്പിക്കാം. മണ്ണായ മനുഷ്യനെ വിണ്ണോളമുയർത്താൻ മന്നിലേക്കിറങ്ങിയ മിശിഹായെ ധ്യാനിച്ചുകൊണ്ട്, 'എല്ലാവരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടിരിക്കുന്നു' എന്ന തിരുസഭയുടെ ആഹ്വാനം ശ്രവിച്ച്, വിശുദ്ധമായ ജീവിതം നയിച്ചുകൊണ്ട് മനുഷ്യാവതാരത്തിന്റെ മഹനീയഫലം നുകരാൻ നമുക്കും ഒരുങ്ങാം. ഏവർക്കും ക്രിസ്തുമസിന്റെയും പുതുവത്സരത്തിന്റെയും ആശംസകൾ...

**ചീഫ് എഡിറ്റർ**





# സഭ ത്രിത്വാത്മകസമൂഹം

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**

ഈശോ തന്റെ പുരോഹിതപ്രാർത്ഥനയിൽ, തനിക്കു പിതാവു നല്കിയ പന്ത്രണ്ടു ശ്ലീഹന്മാർക്കുവേണ്ടി പ്രാർത്ഥിച്ചതിനുശേഷം അവരുടെ വചനംമൂലം തന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുന്നു (യോഹ 17,20-26). ശ്ലീഹന്മാരുടെ സുവിശേഷപ്രഘോഷണത്തിലൂടെ രൂപം കൊള്ളുന്ന സഭാസമൂഹത്തിനുവേണ്ടിയാണ് ഈ പ്രാർത്ഥന. അവിടുത്തെ പ്രതീക്ഷക്കനുസൃതമായി സഭ എങ്ങനെയുള്ള സമൂഹമായിരിക്കണം എന്നതാണ് ഈശോ ഈ പ്രാർത്ഥനയിലൂടെ വെളിപ്പെടുത്തുന്നത്. സഭാസമൂഹത്തിന്റെ സവിശേഷതകൾ എന്തായിരിക്കണമെന്ന് മനസ്സിലാക്കി അതിനനുസൃതമായി സഭയെ കെട്ടിപ്പടുക്കുവാൻ സഭാംഗങ്ങൾക്കും സഭയിൽ നേതൃത്വശുശ്രൂഷ നിർവഹിക്കുന്ന പുരോഹിതർക്കും കഴിയണം.

### സഭ: വിശ്വാസികളുടെ സമൂഹം

സഭ വിശ്വാസികളുടെ സമൂഹമായിരിക്കണമെന്ന് ഈശോ ആഗ്രഹിക്കുന്നു. സഭയുടെ വിശ്വാസം ഈശോയിലുള്ള വിശ്വാസമാണ്: "അവരുടെ വചനംമൂലം എന്നിൽ വിശ്വസിക്കുന്നവർക്കുവേണ്ടിക്കൂടിയാണ് ഞാൻ പ്രാർത്ഥി

"ക്കുന്നത്" (യോഹ 17,20). ഈശോയിൽ വിശ്വസിക്കുക എന്നതുകൊണ്ട് ഈശോയോട് പ്രതിബദ്ധത പുലർത്തുന്ന ജീവിതമാണ് അർത്ഥമാക്കുന്നത്. ഉത്ഥിതനായ ഈശോയോടുള്ള തങ്ങളുടെ പ്രതിബദ്ധത പ്രഖ്യാപിച്ചുകൊണ്ട് ഉത്ഥാനം ചെയ്ത ഈശോയെക്കുറിച്ചുള്ള സുവിശേഷമാണ് ശ്ലീഹന്മാർ പ്രസംഗിച്ചത്. അതേത്തുടർന്ന് അവരുടെ വചനം സ്വീകരിച്ചവരാണ് സ്നാനം സ്വീകരിച്ച് ആദിമക്രൈസ്തവസമൂഹമായിത്തീർന്നത് (നട 2,41). അതുകൊണ്ട് ഉത്ഥിതനായ മിശിഹായോടുള്ള പ്രതിബദ്ധത സഭയുടെ വിശ്വാസത്തിന്റെ അന്തഃസത്തയാണ്.

**സഭ: ശ്ലൈഹികപാരമ്പര്യം കാത്തുസൂക്ഷിക്കുന്ന സമൂഹം**

പന്ത്രണ്ടു ശ്ലീഹന്മാരും ഒന്നുചേർന്ന് പ്രഘോഷിച്ച വചനം സ്വീകരിച്ചുകൊണ്ടാണ് ആദിമസഭ രൂപംകൊണ്ടത് (നട 2,14-41). "പത്രോസ് മറ്റു പതിനൊന്നു പേരോടുമൊപ്പം എഴുന്നേറ്റുനിന്ന് ഉച്ചസ്വരത്തിൽ അവരോടു പറഞ്ഞു" (നട 2,14). പന്തക്കുസ്താദിനത്തിൽ ശ്ലീഹന്മാരുടെ സുവിശേഷ



പ്രഘോഷണത്തിലൂടെ ജന്മം കൊണ്ട സഭ പിന്നീട് ശ്ലീഹന്മാരുടെ പ്രബോധനത്തിൽ സദാ താല്പര്യപൂർവം പങ്കുചേർന്നിരുന്നു (നട 2,42). ഉത്ഥിതനായ മിശിഹായുടെ സുവിശേഷം ശ്ലൈഹികവിശ്വാസപാരമ്പര്യമായിട്ടാണ് സഭയിൽ തുടരുന്നതും നിലനില്ക്കുന്നതും. അതുകൊണ്ടാണ് വിശ്വാസികളുടെ സമൂഹമായ സഭയ്ക്ക് നേതൃത്വം നല്കുന്ന ശുശ്രൂഷ നിർവഹിക്കുന്നവർ ശ്ലീഹന്മാരുടെ പിൻഗാമികളായിരിക്കുന്നത്. ഈ ശ്ലൈഹിക പാരമ്പര്യം പ്രായോഗികമായി സഭയിൽ നിലനില്ക്കുന്നത് സഭയുടെ ശ്ലൈഹികപ്രബോധനം, ആദ്ധ്യാത്മികജീവിതം, ആരാധനക്രമപാരമ്പര്യം, പ്രാർത്ഥന എന്നിവയിലൂടെയാണ്. അവയെ കാത്തുസൂക്ഷിക്കുവാനും അനന്തര തലമുറകൾക്ക് കൈമാറുവാനും വിശ്വാസികളുടെ സമൂഹമായ സഭാംഗങ്ങൾക്കും സഭാനേതൃത്വശുശ്രൂഷ നിർവഹിക്കുന്നവർക്കും ഗൗരവമായ കടമയുണ്ട്.

**സഭ: ത്രിത്വാത്മകസമൂഹം**

സഭ ഒരു ത്രിത്വാത്മകസമൂഹമാകണമെന്നാണ് ഈശോ പ്രാർത്ഥിക്കുന്നത്: "പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും... വേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17,21). പരിശുദ്ധ ത്രിത്വത്തിലെ മൂന്നാളുകളായ പിതാവും പുത്രനും പരിശുദ്ധാത്മാവും ഒന്നായിരിക്കുന്നതുപോലെ സഭാംഗങ്ങളും ഒന്നായി





രിക്കണമെന്നാണ് ഈശോയുടെ പ്രാർത്ഥന. 'പോലെ' എന്നു വിവർത്തനം ചെയ്തിരിക്കുന്നത് മൂലഭാഷയായ ഗ്രീക്കിലെ 'കാത്തോസ്' എന്ന വാക്കാണ്. ഈ പദത്തിന് രണ്ട് അർത്ഥങ്ങളുണ്ട്. 1. പരിശുദ്ധ ത്രിത്വം സഭയ്ക്ക് മാതൃകയായിരിക്കണം. 2. പരിശുദ്ധ ത്രിത്വത്തിലുള്ള സഹവാസമാണ് സഭയുടെ കൂട്ടായ്മയുടെ അന്തഃസത്ത. സഭയുടെ സ്വയം പ്രകാശനമായ പരിശുദ്ധ കുർബാനയാഘോഷത്തിൽ ഈ യാഥാർത്ഥ്യം അനുസ്മരിപ്പിക്കുന്ന ഒന്നാണ്, "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ" എന്ന ആശീർവാദപ്രാർത്ഥന. അതുകൊണ്ടാണ് സഭ പരിശുദ്ധ ത്രിത്വത്തിന്റെ 'ഐക്കൺ' ആണെന്നു പറയുന്നത്. പരിശുദ്ധ ത്രിത്വാത്മകമായ ഒരു കൂട്ടായ്മയായി ജീവിക്കുവാൻ സഭാംഗങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു.

**സഭ: സ്നേഹിക്കുന്ന സമൂഹം**

സഭയുടെ കൂട്ടായ്മ ലോകത്തിനു സാക്ഷ്യമായിത്തീരണമെന്നും ഈശോ പ്രാർത്ഥിക്കുന്നുണ്ട്: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി ... അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു" (യോഹ 17,21). സഭയുടെ ഐക്യം ലോകത്തിനു സാക്ഷ്യമാകണമെങ്കിൽ അത് ദൃശ്യമായി പ്രകടമാകണം. സഭാകൂട്ടായ്മ ദൃശ്യമായി പ്രകടമാകേണ്ടത് സ്നേഹത്തിന്റെ രൂപത്തിലാണ്. ദൈവം സ്നേഹമാണല്ലോ (1 യോഹ 4,8.16). അതുകൊണ്ട് ദൈവത്തിൽ ഒന്നായിരിക്കുക എന്നതിന്റെ അർത്ഥം ദൈവികമായ സ്നേഹത്തിൽ ഒന്നായിരിക്കുക എന്നതാണ്. ഇപ്രകാരമുള്ള ഒരു കൂട്ടായ്മയായിരുന്നു ആദിമസഭ (നട 2,44-45). അപ്രകാരമുള്ള സാക്ഷ്യത്തിന്റെ ഫലമായി "രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു" (നട 2,47). ഇപ്രകാരമുള്ള സാക്ഷ്യമാണ് ഈശോ എക്കാലവും സഭയിൽനിന്നും പ്രതീക്ഷിക്കുന്നത്.

**സഭ: പ്രാർത്ഥിക്കുന്ന സമൂഹം**

ഈശോയിൽ വിശ്വസിക്കുന്നവർ ഈശോയോടുകൂടെ ആയിരിക്കണമെന്നും അവിടുന്ന് ആഗ്രഹിക്കുന്നു: "പിതാവേ, ലോകസ്ഥാപനത്തിനുമുമ്പ്, എന്നോടുള്ള അവിടുത്തെ സ്നേഹത്താൽ അങ്ങ് എനിക്കു മഹത്ത്വം നല്കി. അങ്ങ് എനിക്കു നല്കിയവരും അതു കാണാൻ ഞാൻ ആയിരിക്കുന്നിടത്ത് എന്നോടുകൂടി അവരും ആയിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു" (യോഹ 17,24). ഈശോയോടുകൂടി ആയിരിക്കുന്നത് പ്രാർത്ഥനയുടെ സന്ദർഭത്തിലാണ്. കാരണം, പ്രാർത്ഥനയുടെ അവസരത്തിലാണ് ഈശോയുടെ സാന്നിദ്ധ്യത്തിലേക്ക് നാം ഉണർന്നിരിക്കുന്നത്. മാത്രമല്ല, ഈശോയോടുള്ള ഐക്യത്തിലാണ് ക്രൈസ്തവരെന്ന നിലയിൽ നാം പ്രാർത്ഥിക്കുന്നതും. അതുകൊണ്ട് പ്രാർത്ഥന ദൈവൈക്യത്തിന്റെയും ദൈവമഹത്ത്വദർശനത്തിന്റെയും സന്ദർഭമാണ്. അത് സ്വർഗത്തിന്റെതന്നെ മുന്നാസ്വാദനമാണ്. ഈ അനുഭവത്തോടുകൂടി പ്രാർത്ഥിക്കുന്ന ഒരു സമൂഹമായിരിക്കണം സഭ.

*"ദൈവം ഈശോമിശിഹായിൽ തന്റെ കരുണാപൂർവ്വമായ സ്നേഹത്തിന്റെ തികഞ്ഞ അഗാധത നമുക്കു കാണിച്ചു തന്നു. അദൃശ്യനായ ദൈവം ഈശോമിശിഹായിലൂടെ ദൃശ്യനായിത്തീരുന്നു. അവിടുന്നു നമ്മെപ്പോലുള്ള ഒരു മനുഷ്യനായിത്തീരുന്നു. ദൈവത്തിന്റെ സ്നേഹം എത്രമാത്രം കവിഞ്ഞൊഴുകുന്നുവെന്ന് ഇതു വ്യക്തമാക്കുന്നു"* (YOUCAT 9)



# നിശബ്ദതയുടെ ആരവം

**ജിസ കൂട്ടിയാനിക്കൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

ആ പനിനീർപുഷ്പം വളരെ മനോഹരയായി കാണപ്പെട്ടു. പ്രഭാതഭക്ഷണത്തിനുശേഷം മുറ്റത്തേക്കിറങ്ങിയപ്പോൾ കണ്ട മനോഹര കാഴ്ച ഇളം റോസ് നിറവും ആരെയും മനം കുളിർപ്പിക്കുന്ന സൗന്ദര്യവും... ആ കൊച്ചു പൂവ് നിശബ്ദമായി എന്തൊക്കെയോ വിളിച്ചുപറയുന്നതുപോലെ... വൈകുന്നേരവും റോസാപ്പൂവിനെ കാണാനുള്ള ആകാംക്ഷയോടെ ഞാൻ മുറ്റത്തേക്കിറങ്ങിയപ്പോൾ കണ്ട കാഴ്ച ഹൃദയഭേദകമായിരുന്നു. ഒരൊറ്റ ഇതൾപോലും അവശേഷിക്കാതെ എല്ലാം തറപറ്റിയിരിക്കുന്നു. നിരാശയോടെ നിന്ന എന്നോട് വീണ്ടും ആ ഇതളുകൾ സംസാരിച്ചു... ഒരു ദിവസം മുഴുവൻ, തന്നെ സമീപിച്ചവർക്കെല്ലാം, കണ്ണിനു കുളിർമയും മനസ്സിന് ആനന്ദവും പകർന്നതിന്റെ ചാരിതാർത്ഥ്യത്തോടെ...

നിശബ്ദത സംസാരിക്കുന്ന മനോഹരമായ ഓർമ്മകളാണ് മംഗളവാർത്തക്കാലം മുഴുവൻ. മാലാഖമാരുടെ നേർത്ത സംഗീതവും ശരത്ക്കാലമഞ്ഞിന്റെ നനുത്ത സ്പർശവും ഹൃദയത്തിൽ താലോലിക്കുന്ന സുന്ദരകാലം. ലോകത്തിന്റെ ആരവങ്ങളില്ലാതെ വിണ്ണിന്റെ നാഥൻ നിശബ്ദമായ രാത്രിയിൽ ഉണ്ണിയായി ഭൂമിയിലവതരിച്ചതിന്റെ ദിവ്യമായ അനുസ്മരണം. പ്രാർത്ഥനയുടെ ഏകാന്തതയിൽ, ദൈവഹിതം അറിയിച്ച മാലാഖയോട് 'അതെ' എന്ന് പ്രത്യുത്തരിച്ച പരി. അമ്മയുടെ നിശബ്ദമായ അനുസരണത്തിന്റെ ഹൃദയസ്പർശിയായ ധ്യാനം. ദൈവപുത്രനെയും അവന്റെ അമ്മയെയും സ്നേഹപൂർവ്വം സംരക്ഷിക്കുന്ന വി. യൗസേപ്പിന്റെ എളിമനിറഞ്ഞ നിശബ്ദ ജീവിതം. ഉണ്ണിയായി പിറന്ന മിശിഹായെ ആദ്യമായി കണ്ടതിന്റെ സന്തോഷം നിശബ്ദതയിൽ ഏറ്റുപാടിയ ആട്ടിടയരും കാലിക്കൂട്ടവും മിന്നാമിനുങ്ങുകളും. ഇങ്ങനെ നിശബ്ദതയുടെ കേളിക്കൊട്ടിന്റെ ഇരുപത്തഞ്ചു ദിനങ്ങൾ.

എന്നാൽ ശബ്ദമലനീകരണത്തിന്റെ കാലത്തിലാണ് നാം ഇന്ന് ജീവിക്കുക. നിശബ്ദത, ശ്വാസം മുട്ടിക്കുന്ന ഒരു അനുഭവമായി മാറിക്കൊണ്ടിരിക്കുന്നു. 'നിശബ്ദത' എന്നാൽ 'എന്തോ കുറവുള്ളത്' എന്നുപോലും വ്യാഖ്യാനിക്കപ്പെടുന്ന കാലമാണിത്. റേഡിയോ ജോക്കികളും ടി. വി. പരിപാടി അവതാരകരും എല്ലാം കൂടി ഒരു 'കലപിലാ' സംസ്കാരത്തിനു രൂപം കൊടുത്തിരിക്കുകയാണ്. ഗർഭപാത്രത്തിലെ നീണ്ട നിശബ്ദതയ്ക്കുശേഷം പിറന്നുവീഴുന്ന കുഞ്ഞുങ്ങൾ കൂടി ശബ്ദമയമായ ഈ ലോകത്തോട് വളരെ വേഗം അനുരൂപപ്പെടുന്ന കാഴ്ച നമ്മെ അത്ഭുതപ്പെടുത്തും. "ബഹളം വയ്ക്കല്ലേ... വാവ ഉറങ്ങുവാ..." എന്ന് പറഞ്ഞ് അമ്മമാർ മൂത്തകുട്ടികളെ ഓടിക്കുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്നോ? ... "ചൂടാണെങ്കിലും തണുപ്പാണെങ്കിലും ഫാനിന്റെ ശബ്ദം കേട്ടാലേ ഇവൾ ഉറങ്ങൂ" എന്ന് 3 മാസം പ്രായമുള്ള തന്റെ കുഞ്ഞിനെക്കുറിച്ച് ഒരമ്മയുടെ കമന്റ്. ഒരിക്കൽ ഒരു കുടുംബത്തോടൊപ്പം ഒരു വാഹനത്തിൽ യാത്ര ചെയ്യവേ, വളരെ ഉച്ചത്തിലുള്ള പാട്ടിന്റെ സ്വരം അല്പം കുറയ്ക്കാമോ എന്ന് ചോദിക്കാനിടയായി. ഉടനെ എന്റെ അരികിൽ, അമ്മയുടെ മടിയിലിരുന്ന രണ്ടര വയസ്സുകാരൻ എന്റെ കൈയിൽ കാര്യമായൊന്നു തട്ടി. തിരിഞ്ഞു നോക്കിയ എന്നോട് ഗൗരവത്തിൽ ഒരു ചോദ്യം "ഇച്ചിരി ഒച്ച കൂടിയാ എന്നാ ഇത്ര കൊയപ്പം"?. കുഞ്ഞുവായിലെ വല്യ വർത്തമാനം കേട്ട് എല്ലാവരുടെയുംകൂടെ ഞാനും ചിരിച്ചെങ്കിലും അതെന്നെ ഏറെ ചിന്തിപ്പിച്ചു. കൊച്ചുകുഞ്ഞുങ്ങൾപോലും ശബ്ദമയമായ ഈ ലോകത്തിന് "അഡിക്റ്റ്" ആയിരിക്കുന്നു.

"ആഴമുള്ള പുഴയ്ക്കേ ശാന്തതയുള്ളൂ" എന്നൊരു ചൊല്ലുണ്ട്. കൊച്ചരുവി പുറപ്പെടുവിക്കുന്ന കളകളാരവം ആഴംകൂടിവരുമ്പോൾ പുഴയ്ക്കുണ്ടാവില്ല. ആഴം കൂടുംതോറും അവൾ നിശബ്ദതയെ ധ്യാനിച്ചുതുടങ്ങുന്നു. ആഴങ്ങളില്ലാത്ത ജീവിതങ്ങളാണ് ഇന്നത്തെ ലോകത്തിന്റെ പ്രശ്നവും. ആഴങ്ങളിലേക്കിറങ്ങാൻ ഇന്നത്തെ തലമുറയ്ക്ക് ഭയമാണ്. കാരണം, അതിന് ധൈര്യം വേണം, പ്രതിസന്ധികളെ തരണം ചെയ്യാൻ ശക്തി വേണം, പരാജയങ്ങളെ നേരിടാനുള്ള മാനസിക പക്വത വേണം. ഇവയൊക്കെ ഇല്ലാതെ വരുമ്പോഴാണ് ബഹളങ്ങളിൽ ജീവിതം ഒതുക്കിതീർക്കാനുള്ള വെമ്പലുണ്ടാകുന്നത്. അതുകൊണ്ടുതന്നെയാണല്ലോ കുടുംബജീവിതത്തിലേക്കും സമർപ്പണജീവിതത്തിലേക്കുമൊക്കെ കാലെടുത്തുവയ്ക്കാൻ ഇന്നത്തെ തലമുറ ഭയക്കുന്നതും.

ഈ മംഗളവാർത്താക്കാലം നമുക്കും നിശബ്ദതയുടെ ധ്യാനമായിരിക്കട്ടെ. ബാഹ്യനിശബ്ദതയെക്കാൾ ഏറെ പ്രാധാന്യമുള്ളതാണ് ആന്തരിക നിശബ്ദയും. അവിടെയാണ് ദൈവകൃപയുടെ പകൽവെളിച്ചത്തിൽ നമ്മുടെ ജീവിതങ്ങളെ നമുക്കു കാണാനാവുക... ഫെയ്സ്ബുക്കിനോടും ടിിറ്ററിനോടും വാട്സപ്പിനോടുമൊക്കെ അരമണിക്കൂറെങ്കിലും നിശബ്ദരാകാൻ നമുക്കായാൽ... ശബ്ദമുഖരിതമായ സായാഹ്നങ്ങളിൽ അല്പസമയമെങ്കിലും പ്രാർത്ഥനയ്ക്കായി മാറ്റിവയ്ക്കാനായാൽ, ജീവിതചര്യപോലെയായിത്തീർന്ന, ടി.വി. സീരിയലുകളോട് കുറച്ചുദിവസത്തേക്കെങ്കിലും മാറിയിരിക്കാൻ പറയാനായാൽ... അഹങ്കാരത്തിന്റെയും അസൂയയുടെയും ശബ്ദലോകങ്ങളെ നമ്മുടെ ഹൃദയത്തിൽ നിന്നും മാറ്റാൻ പരിശ്രമിച്ചാൽ നിശബ്ദമായ ആ രാത്രിയിൽ ദരിദ്രരായ ആട്ടിടയരുടെ ഹൃദയങ്ങളിൽ മുഴങ്ങിയ സ്നേഹത്തിന്റെയും സമാശ്വാസത്തിന്റെയും സംഗീതം നമ്മുടെ ഹൃദയങ്ങളിലും മുഴുങ്ങും. **"അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി... ഭൂമിയിൽ മനുഷ്യർക്ക് സമാധാനവും പ്രത്യാശയും".**

# സ്രഷ്ടാവും പരിപാലകനുമായ ദൈവത്തിൽ ഞാൻ വിശ്വസിക്കുന്നു

**ഡോ. തോമസ് പൂവത്താനിക്കുന്നേൽ**
**കാഞ്ഞിരപ്പള്ളി**

**2014** ഒക്ടോബർ 27 നു ഫ്രാൻസിസ് മാർപാപ്പ കത്തോലിക്കാസഭയുടെ പരമ്പരാഗതമായ വിശ്വാസത്തെ തിരുത്തിക്കുറിച്ചു എന്ന് കേരളത്തിലെ ചില സഭാവിരുദ്ധ ദൂരദർശൻ ചാനലുകളും പത്രങ്ങളും സ്ഥാപിക്കുവാൻ കിണഞ്ഞുപരിശ്രമിക്കുന്നതു കണ്ടു. സഭയുടെ ചരിത്രത്തിൽ 21 നൂറ്റാണ്ടുകളായി നിരവധി ശത്രുക്കളുടെ ആക്രമണം ഉണ്ടായി. സഭയ്ക്കെതിരെ നരകകവാടങ്ങൾ പ്രബലപ്പെടുകയില്ലെന്നുള്ള കർത്താവിന്റെ വാക്കുകൾ യാഥാർത്ഥ്യമാകുന്നത് സഭ അനുഭവിച്ചറിഞ്ഞ സത്യമാണ്. സഭ ദൈവപുത്രന്റെ മൗതിക ശരീരമാണെന്നും അതിനെ നശിപ്പിക്കാനാർക്കും കഴിയില്ലെന്നും ഇക്കൂട്ടർ അറിഞ്ഞിരുന്നെങ്കിൽ! പന്ത്രണ്ടിലൊരുവൻ ഒറ്റുകാരനായെങ്കിൽ, പീഡകനായിരുന്ന സാവൂൾ മഹാപ്രേഷിതനായി. നീറോ സഭയെ പുറമേ നിന്നാക്രമിച്ചപ്പോൾ മാർട്ടിൻലൂഥറും അനേകരും സഭയ്ക്കുള്ളിൽ നിന്നും അവളെ മുറിവേൽപ്പിച്ചു. സാത്താനെന്നു കർത്താവു തന്നെ വിശേഷിപ്പിച്ച പത്രോസിനെ സഭയുടെ ആദ്യ മാർപാപ്പയാക്കിയെങ്കിൽ, മാർപാപ്പമാർ സാത്താന്റെ പിടിയിലായ അനുഭവവും ഉണ്ട്. “നിങ്ങൾ എനിക്കു തിന്മ ചെയ്തു. പക്ഷേ ദൈവം അതു നന്മയായി മാറ്റി” (ഉൽപ 50:20) എന്ന പൂർവ്വപിതാവായ യൗസേപ്പിന്റെ വാക്കുകൾ ഇന്നും അന്വർത്ഥമാകുന്നു.







ഫ്രാൻസിസ് പാപ്പ സ്രഷ്ടാവായ ദൈവത്തിലുള്ള വിശ്വാസം ഊന്നിപ്പറയുന്നതിനായി വിസ്ഫോടന സിദ്ധാന്തവും പരിണാമ സിദ്ധാന്തവും ഉദാഹരണമാക്കി സംസാരിച്ചു. ഈ ശാസ്ത്ര സിദ്ധാന്തങ്ങൾ സത്യമാണെങ്കിൽ അവ ഒരു സ്രഷ്ടാവായ ദൈവത്തിന്റെ അസ്തിത്വത്തെ കൂടുതൽ വ്യക്തമാക്കുന്നു. പാപ്പായുടെ പ്രസ്താവന സഭാവിശ്വാസത്തെ ആവർത്തിച്ച് ഏറ്റുപറയുകയാണ്. ഉൽപത്തി പുസ്തകത്തിന്റെ ആദ്യ അധ്യായങ്ങളിൽ പ്രപഞ്ചത്തിന്റെ ആദികാരണം അദൃശ്യനായ ദൈവത്തിന്റെ ശക്തിയാണെന്ന സത്യം വെളിപ്പെടുത്തുകയാണ്. ഈ വിശ്വാസസത്യത്തെ നിഷേധിക്കുവാൻ ശാസ്ത്രതെളിവുകളൊന്നും ഇന്നോളം ഉണ്ടായിട്ടില്ല. പരിണാമസിദ്ധാന്തം ജീവന്റെ ഉറവിടത്തെ വ്യക്തമാക്കുന്നില്ല. ജീവന്റെ പരിണാമത്തെക്കറിച്ചു പറയുന്ന ഈ ശാസ്ത്രനിഗമനം ജീവന്റെ പരിപാലനത്തെക്കുറിച്ച് പരാമർശിക്കുന്നില്ല. ഉത്ഭൂതമായ ജീവന്റെ വളർച്ച, തളർച്ച ഇവയുടെ ചരിത്രത്തെ പഠനവിഷയമാക്കുകയാണ് പരിണാമ സിദ്ധാന്തം.

പ്രപഞ്ചോല്പത്തി ആദിയിലേ ഒരു വിസ്ഫോടനത്തിലാണെന്നതാണ് വിസ്ഫോടനസിദ്ധാന്തം പഠിപ്പിക്കുന്നത്. ഇന്നത്തെ ശാസ്ത്രസാങ്കേതികത ഉപയോഗിച്ച് പ്രപഞ്ചത്തിന്റെ ഉത്ഭവത്തിലേക്കുള്ള ഒരു തിരിഞ്ഞുനോട്ടംമാത്രമാണ് ഈ ശാസ്ത്ര കണ്ടുപിടുത്തങ്ങൾ. എന്നാൽ ആദി വിസ്ഫോടനത്തിനുള്ള ഉറവിടം എവിടെനിന്ന്? പദാർത്ഥ പ്രദാനമായ പ്രപഞ്ചത്തിൽ ജൈവ ജീവന്റെ സ്രോതസ്സ് എന്ത്? മാർപാപ്പയുടെ ഉദ്ബോധനത്തിൽ ഈ കാരണം ദൈവമാണെന്നു വ്യക്തമാക്കുന്നു. ഈ പറഞ്ഞ ശാസ്ത്ര ശാഖകൾ തെറ്റില്ലാത്തതാണെങ്കിൽ അത് സ്രഷ്ടാവായ ദൈവത്തിന്റെ അസ്തിത്വത്തിന് ഉറപ്പേകുന്നു.

ദൈവത്തിന്റെ മനുഷ്യാവതാരം ധ്യാനവിഷയമാക്കുന്ന മംഗളവാർത്തക്കാലം ദൈവിക ശക്തിയെയും ദൈവത്തിന്റെ മാനുഷിക തലങ്ങളിലൂടെയുള്ള പ്രവർത്തനങ്ങളെയും ഊന്നിപ്പറയുന്നു. ദൈവത്തിന് സ്വയംഭൂവായി ഭൂമിയിൽ അവതരിക്കാമായിരുന്നുവെങ്കിലും അവിടുന്ന് ജനിച്ചതു സാധാരണ ഒരു മനുഷ്യസ്ത്രീയിൽ നിന്നുമാണ്. അവിടുത്തേക്ക് ഒരു ശിശുവായിത്തീർന്ന് വളർന്ന്, സഹിച്ചു മരിച്ച് രക്ഷ പ്രദാനം ചെയ്യേണ്ടതില്ലായിരുന്നു. എന്നാൽ അവിടുന്ന് ആവഴിയാണ് തിരഞ്ഞെടുത്തത്. അവിടുന്ന് ഭക്ഷിച്ചു വളർന്നു, പഠിച്ചു, പ്രാർത്ഥിച്ചു, അവിടുത്തേക്കു വിശന്നു, അവിടുന്ന് ക്ഷീണിച്ചുറങ്ങി. മാന്ത്രിക വടിയുപയോഗിച്ച് അത്ഭുതം കാട്ടുന്ന ഒരുവനല്ല ദൈവം. ഈശോ മാനുഷികമായ രീതിയിൽ സ്പർശിച്ചും, ചെളിപുരട്ടിയും ജലത്തിൽ കഴുകിയുമാണ് സൗഖ്യശുശ്രൂഷ നിർവഹിച്ചത്. ഈശോ അപ്പം വർദ്ധിപ്പിച്ചത് ബാലന്റെ കൈയിൽനിന്ന് അപ്പം സ്വീകരിച്ചുകൊണ്ടാണ്. ശൂന്യമായ കൽഭരണികളിൽ വീഞ്ഞു നിറയ്ക്കുകയായിരുന്നില്ല, അതിൽ സേവകർ നിറച്ച സാധാരണ ജലമാണ് വീഞ്ഞായി പകർത്തിയത്. കൃപാവരത്തിന്റെ സ്രോതസ്സായ കൂദാശകൾ സാധാരണ മനുഷ്യരാൽ പ്രകൃതി വസ്തുക്കളായ ജലം, വീഞ്ഞ്, എണ്ണ, അപ്പം ഇവയുപയോഗിച്ചാണ് അന്വർത്ഥമാക്കുന്നത്. ദൈവം വെറുമൊരു മാന്ത്രികനല്ല എന്നു മാർപാപ്പ പറഞ്ഞപ്പോൾ ഈ നിത്യസത്യമാണ് പ്രഘോഷിച്ചത്.

മനുഷ്യന്റെ ശാസ്ത്രനേട്ടങ്ങൾക്കാവശ്യമായവയെല്ലാം അവനിൽ നിക്ഷേപിച്ചതും അവനു കണ്ടുപിടിക്കാനുള്ളവ ഈ പ്രപഞ്ചത്തിൽ നിക്ഷേപിച്ചതും ദൈവംതന്നെ. അപ്പൻ നൽകുന്ന പണം ഉപയോഗിച്ച് വാങ്ങുന്നതെന്തും തന്റെ സ്വന്തമെന്നു കരുതുന്ന ഒരു കുഞ്ഞിനെപ്പോലെ ദൈവകരങ്ങളിൽനിന്നു നേടിയവകൊണ്ട് അവിടുന്ന് പ്രപഞ്ചരഹസ്യത്തിൽ ഒളിപ്പിച്ചിരിക്കുന്നവ കണ്ടെത്തുന്ന മനുഷ്യൻ എല്ലാത്തിന്റെയും ഉടയവൻ താനെന്നു കരുതുന്നു.



# സ്നേഹത്തിന്റെ മംഗളവാർത്ത

**റോസമ്മ കുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

മംഗളവാർത്താക്കാലം മാനസാന്തരത്തിലേക്ക് ക്ഷണിക്കുന്നു, അതിനായി ഒരുക്കുന്ന കാലമാണ്. കാലിത്തൊഴുത്തിലെ, ദൈവത്തിന്റെ വലിയ സമ്മാനത്തെ ഏറ്റുവാങ്ങുന്നതിനാണ് മാനസാന്തരത്തിലൂടെയുള്ള ഈ ഒരുക്കം ആവശ്യമായിത്തീരുന്നത്. വലിയ നിധി കണ്ടെത്തിയപ്പോൾ തനിക്ക് ഉള്ളതെല്ലാം വിറ്റ് ആ നിധി സ്വന്തമാക്കുന്നതിനായി ഒരുങ്ങിയവന്റെ മനോഭാവമായിരിക്കണം ഈ കാലത്ത് നമുക്ക് ഉണ്ടായിരിക്കേണ്ടത്. കാലിത്തൊഴുത്തിലെ ദൈവത്തിന്റെ ദാനം എന്താണെന്ന് മനസ്സിലാക്കണമെങ്കിൽ തീവ്രമായ മാനസാന്തരം ആവശ്യമാണ്.

മാനസാന്തരം ദൈവത്തിന്റെ സ്നേഹത്തിലേക്കുള്ള തിരിവാണ്. മനുഷ്യനെ മാനസാന്തരത്തിലേക്ക് ക്ഷണിക്കുവാനും ഒരുക്കുവാനുമായി ദൈവം ആദ്യം സ്നാപകയോഹന്നാനെയാണ് അയച്ചതും-സ്നാപകനെക്കുറിച്ച് നാം ഇപ്രകാരം വി. ഗ്രന്ഥത്തിൽ വായിക്കുന്നു:

“ഇസ്രയേൽമക്കളിൽ വളരെപ്പേരെ അവരുടെ ദൈവമായ കർത്താവിങ്കലേക്ക് അവൻ തിരികെ കൊണ്ടുവരും. പിതാക്കന്മാരുടെ ഹൃദയങ്ങളെ മക്കളിലേക്കും അനുസരണമില്ലാത്തവരെ നീതിമാന്മാരുടെ വിവേകത്തിലേക്കും തിരിച്ചുവിടാനും സജ്ജീകൃതമായ ഒരു ജനത്തെ കർത്താവിനുവേണ്ടി ഒരുക്കുവാനും ഏലിയായുടെ ചൈതന്യത്തോടും ശക്തിയോടുംകൂടെ അവൻ കർത്താവിന്റെ മുൻപേ പോകും” (ലൂക്കാ 1:16-17)

മനുഷ്യനെ സ്നേഹത്തിലേക്ക് തിരിക്കുന്ന ജോലിയാണ് സ്നാപകന്റേത്. ഹൃദയത്തിന് ശരിയായ തിരിവ് സംഭവിക്കണമെങ്കിൽ ദൈവത്തിന്റെ ഈ സ്നേഹസമ്മാനത്തെ നാം മനസ്സിലാക്കണം; അതിന്റെ സവിശേഷതകൾ തിരിച്ചറിയണം.

**1. മനുഷ്യനെ ജീവിപ്പിക്കുന്ന സ്നേഹം**

‘‘എന്തെന്നാൽ അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു” (യോഹ 3:16). പരി.





കുർബാനയുടെ സ്ഥാപനസമയത്ത് പറയുന്നത്, ‘നിങ്ങളുടെ രക്ഷയ്ക്കുവേണ്ടി നൽകപ്പെട്ട ശരീരമാണിത്’ എന്നാണ്. സ്വയം മറന്നു കൊടുക്കുന്ന സ്നേഹം. പുത്രനിലൂടെ പിതാവ് സ്വയം നൽകുകയാണ്. ആത്മാർത്ഥമായ സ്നേഹത്തിന്റെ - ലക്ഷണമാണ് സ്വയം മറന്നുള്ള നൽകൽ. ദൈവം മനുഷ്യനായി - നമ്മെ ദൈവസ്നേഹത്തിലേക്ക് ഉയർത്താൻ, നമ്മെ ദൈവമക്കളാക്കാൻ ദൈവം മനുഷ്യനായി. ദൈവം താണിറങ്ങി മനുഷ്യനായി നമ്മുടെ ഇടയിൽ വന്നു. ദൈവത്തിന്റെ വലിപ്പത്തിന്റെ ലക്ഷണമാണ് ഈ ചെറുതാകൽ.

**2. അതിർവരമ്പുകളില്ലാത്ത സ്നേഹം**

എല്ലാവരെയും അവിടുന്ന് സ്നേഹിച്ചു. സ്നേഹിക്കുന്നവരുമായി ഒന്നായിത്തീർന്നു, താദാത്മ്യപ്പെട്ടു. അതാണ് മനുഷ്യാവതാരം. പാപികളെ സ്നേഹിച്ച് അവർക്കുവേണ്ടി മരിച്ചതിലൂടെയാണ് ഈ വലിയ സ്നേഹം അവിടുന്ന് പ്രകടമാക്കിയത്. “നാം പാപികളായിരിക്കെ ഈശോ നമുക്കുവേണ്ടി മരിച്ചു. അങ്ങനെ നമ്മോടുള്ള തന്റെ സ്നേഹം ദൈവം പ്രകടമാക്കിയിരിക്കുന്നു” (റോമ 5:8).

**3. ഉത്തരവാദിത്വം ഉൾക്കൊള്ളുന്ന സ്നേഹം**

പ്രത്യുത്തരം കൊടുക്കുവാനുള്ള കഴിവ് ഉൾക്കൊള്ളുന്നതാണ് ഈ സ്നേഹം. അനുനിമിഷം പിതാവിന്റെ തിരുഹിതത്തിനു പ്രത്യുത്തരം നല്കുന്ന സ്നേഹമായിരുന്നു ഈശോയുടേത്. ഈശോയോട് ചേർന്നിരിക്കുന്ന ശിഷ്യൻ അവിടുത്തെ ഈ സ്നേഹം അതായിരിക്കുന്നതുപോലെ സ്വീകരിച്ചു പ്രത്യുത്തരിക്കുന്നു. ഈ സ്നേഹത്തിന് നാം യോഗ്യരല്ല. ദൈവത്തിന്റെ നമ്മോടുള്ള കാരുണ്യമാണ് നമ്മെ അതിന് അർഹരാക്കുന്നത്. അയോഗ്യതാബോധം നമുക്ക് എപ്പോഴും ഉണ്ടായിരിക്കണം. എങ്കിലേ പശ്ചാത്താപവും - തന്മൂലം സ്നേഹത്തിലേക്കുള്ള തിരിവും ഉണ്ടാകൂ.

**4. പ്രേഷിതസമർപ്പണത്തിന് നിർബന്ധിപ്പിക്കുന്ന സ്നേഹം**

ദൈവപിതാവിന് മനുഷ്യമക്കളോടുള്ള അളവില്ലാത്ത സ്നേഹം വെളിപ്പെടുത്താനാണ് ഈശോ മനുഷ്യാവതാരം ചെയ്തത്. പിതാവിന്റെ സ്നേഹമാണ് അവിടുന്ന് നമുക്കു നല്കിയത്. ദൈവം നമുക്കു നല്കുന്ന സ്നേഹം മറ്റുള്ളവരിലേക്ക് പകരുവാനുള്ള നിർബന്ധം നമുക്ക് അനുഭവപ്പെടണം. വി. പൗലോസിന് അനുഭവപ്പെട്ടത് ഈ സ്നേഹമാണ്. “കർത്താവിന്റെ സ്നേഹം എന്നെ നിർബന്ധിക്കുന്നു” എന്ന വാക്കുകൾ അത് വ്യക്തമാക്കുന്നു.

ദൈവസ്നേഹത്തിന്റെ ഈ സവിശേഷതകൾ തിരിച്ചറിഞ്ഞ്, ആ സ്നേഹത്തിലേക്ക് പൂർണ്ണമായി തിരിഞ്ഞ് മനുഷ്യാവതാരം ചെയ്ത രക്ഷകനെ, ഹൃദയത്തിലേറ്റുവാങ്ങാൻ ഈ മംഗളവാർത്തക്കാലത്ത് നമുക്കൊരുങ്ങാം.



## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ**

**ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., Kottayam - 686 018, Ph: 0481-2578192**



# വലതുകരം

**റ്റെസ്സി കറുകപ്പറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

അത്രമേൽ ഹൃദയത്തോട് ചേർത്ത് നിർത്തിയവർ അകന്നുപോകുമ്പോൾ, ചില വിലതീരാത്ത സൗഹൃദങ്ങൾ നമ്മിൽനിന്നും നഷ്ടപ്പെടുമ്പോൾ, ജീവിതപങ്കാളിയുടെ മരണത്താൽ തുണ എന്നന്നേക്കുമായി ഇല്ലാതാകുമ്പോൾ ഒക്കെ പലരും പറഞ്ഞുകേൾക്കാറുള്ള ഒരു കാര്യമാണ് എന്റെ വലത്തുകൈയാണ് എനിക്ക് നഷ്ടപ്പെട്ടത് എന്ന്. ഇതിനെക്കുറിച്ച് ഒരു പരിചിന്തനം നടത്തുവാൻ എന്നെ പ്രേരിപ്പിച്ചത് എന്റെ വലത്തുകരത്തിന് ഒരു ചെറിയ ഓപ്പറേഷൻ നടന്നപ്പോഴാണ്. വലത്തുകൈയ്ക്ക് വേദന തുടങ്ങിയപ്പോൾ മുതൽ ഇടത്തുകരം സഹായിക്കുന്നുണ്ട്. പക്ഷേ... അതിന് ചെയ്യാവുന്ന സഹായമല്ലേ ചെയ്യാൻ പറ്റൂ. എന്നാൽ എനിക്കു ചുറ്റും ഒരു വലത്തുകൈയ്ക്ക് പകരം ഒരായിരം കൈകൾ നിരന്നു. കർത്താവിന്റെ സ്നേഹം പങ്കിട്ടനുഭവിക്കുവാൻ ഒന്നുചേർന്ന സഹോദരിമാരുടെ സ്നേഹം വേദനയിലാഴ്ന്ന എന്റെ വലത്തുകരത്തിനു പകരമായി... അപ്പോൾ ഞാൻ കർത്താവിന്റെ തിരുവചനങ്ങൾ ഓർത്തു: "നിന്റെ ദൈവവും കർത്താവുമായ ഞാൻ നിന്റെ വലത്തുകൈ പിടിച്ചിരിക്കുന്നു. ഞാനാണു പറയുന്നത്, ഭയപ്പെടേണ്ടാ ഞാൻ നിന്നെ സഹായിക്കും" (ഏശ 41:13).

എന്താണീ വലത്തുകരത്തിന്റെ പ്രത്യേകത? തുല്യപ്രാധാന്യത്തോടെ തന്നെയാണ് എല്ലാ അവയവങ്ങളും ശരീരത്തിൽ പ്രവർത്തിക്കുന്നതെങ്കിലും കർത്താവ് തന്റെ ശക്തിയും കരുതലും സ്നേഹവും ഒക്കെ വെളിപ്പെടുത്തുവാൻ 'വലത്തുകരം' ഉപയോഗിക്കുന്നതായി ബൈബിളിൽ പലയിടത്തും പറയുന്നു: ഏശ. 48,13 "എന്റെ വലത്തുകൈകൊണ്ട് ആകാശത്തെ വിരിച്ചു". തന്റെ ശക്തി പ്രകടമാക്കുവാൻ അവിടുന്ന് ഈ വചനം ഉപയോഗിക്കുന്നു. സങ്കീ. 73:23 "അവിടുന്ന് എന്റെ വലത്തുകൈ ഗ്രഹിച്ചിരിക്കുന്നു. ഉപദേശം തന്ന് അങ്ങ് എന്നെ നയിക്കുന്നു".

അനുഗ്രഹിക്കാൻ, ചേർത്തുപിടിക്കാൻ, സഹായമേകാൻ, കണ്ണീരൊപ്പാൻ....എല്ലാം വലതുകരം ഉപയോഗിക്കുന്നു.

സങ്കീ.137:5 "ജറുസലെമേ, നിന്നെ ഞാൻ മറക്കുന്നുവെങ്കിൽ, എന്റെ വലത്തുകൈ എന്നെ മറക്കട്ടെ".

കർത്താവിനെ മറക്കുന്നതിനെയാണ്... ഇവിടെ വിവക്ഷിക്കുന്നതെങ്കിലും ഒരാൾക്ക് വലത്തുകൈ നഷ്ടപ്പെടുമ്പോൾ വലിയ ഒരു നഷ്ടം തന്നെയാണ് സംഭവിക്കുന്നതെന്ന് ഇതർത്ഥമാക്കുന്നില്ലേ? അതുകൊണ്ടല്ലേ... നിധിപോലെ കാത്തുസൂക്ഷിച്ച സുഹൃത്തുക്കൾ നഷ്ടമാകുമ്പോൾ നമ്മൾ ഇപ്രകാരം വിലപിക്കുക: "അങ്ങയുടെ വലത്തുകൈ എന്നെ പിടിച്ചു നടത്തും" (സങ്കീ 139:10).

**തളർന്നവന് ബലം നൽകാനും, ദുർബലനു ശക്തിപകരാനും, വീണവനെ എഴുന്നേല്പിക്കുവാനും കഴിവുള്ളവനായ കർത്താവിൽ ആശ്രയിച്ചാൽ അവിടുത്തെ വലത്തുകരം നമ്മെ എപ്പോഴും താങ്ങിക്കൊള്ളും.**

ജീവിതത്തിന്റെ നിഗൂഢമായ വഴികളിലൂടെ സഞ്ചരിക്കുമ്പോഴും നമ്മെ കാണുന്ന, കരുതുന്ന ഒരാൾ കൂടെയുണ്ടെന്ന ബോധ്യം നമുക്കിത് നൽകുന്നു. ചിലപ്പോഴൊക്കെ കർത്താവിനോട്... പരാതിപ്പെട്ടി തുറക്കുമ്പോൾ ചോദിക്കാറില്ലേ... ഞാൻ ഒറ്റയായില്ലേ... എനിക്കാരാ ഉള്ളത്... എന്നൊക്കെ. നീയുണ്ടെന്നറിയാം കർത്താവേ, എങ്കിലും.... അത് വിശ്വസിച്ചു മുന്നോട്ടുപോകാൻ ബുദ്ധിമുട്ട് അനുഭവപ്പെടുന്ന നിമിഷങ്ങൾ വരാം.... അപ്പോൾ കർത്താവ് അവിടുത്തെ വലത്തുകരം നമുക്കുനേരെ നീട്ടിത്തരുന്ന അനുഭവങ്ങളിലൂടെ നയിക്കും. അതുകൊണ്ടാണ് അവിടുന്ന് ഏശയ്യാ പ്രവാചകനിലൂടെ നമ്മെ ഓർമ്മിപ്പിക്കുക: "ഭയപ്പെടേണ്ടാ, ഞാൻ നിന്നോടുകൂടെയുണ്ട്. സംഭ്രമിക്കേണ്ടാ, ഞാനാണ് നിന്റെ ദൈവം. ഞാൻ നിന്നെ ശക്തിപ്പെടുത്തുകയും സഹായിക്കുകയും ചെയ്യും. എന്റെ വിജയകരമായ **വലത്തുകൈകൊണ്ടു** ഞാൻ നിന്നെ താങ്ങിനിർത്തും" (ഏശ 41,10).

അതേ, തളർന്നവന് ബലം നൽകാനും ദുർബലനു ശക്തി പകരാനും വീണവനെ എഴുന്നേല്പിക്കുവാനും കഴിവുള്ളവനായ കർത്താവിൽ ആശ്രയിച്ചാൽ അവിടുത്തെ വലത്തുകരം നമ്മെ എപ്പോഴും താങ്ങിക്കൊള്ളും.

ലൂക്കാ 1,51-ൽ "അവിടുന്ന് തന്റെ ഭുജം കൊണ്ട് ശക്തി പ്രകടിപ്പിച്ചു". പരി. അമ്മയുടെ സ്തോത്രഗീതത്തിലെ ഒരു വരിയാണിത്. ഒന്നാലോചിച്ചാൽ ഒരു പാട്ടു മൂളാൻ... കർത്താവിന് സ്തോത്രം ആലപിക്കാൻമാത്രം എന്ത് ആനന്ദമായിരുന്നു മറിയത്തിനുണ്ടായിരുന്നത്. മാനുഷിക കാഴ്ചപ്പാടിൽ നിന്ദനങ്ങളും തിരസ്കരണങ്ങളും ഒറ്റപ്പെടുത്തലുകളും മാത്രമേ അവൾക്കു മുമ്പിലുണ്ടായിരുന്നുള്ളൂ. പക്ഷേ ആ കൊച്ചു പെൺകുട്ടി മംഗളവാർത്തയുമായി എത്തിയ ദൂതനോട് പരാതിപ്പെടുന്നില്ല. തന്റെ നിഷ്കളങ്കതയോടെ ഇതെങ്ങനെ സംഭവിക്കും? എന്ന് ചോദിക്കുന്നതേയുള്ളൂ... ദൈവത്തിന്റെ വഴിനടത്തലുകളെക്കുറിച്ച് പരാതി ഇല്ലാത്തവൾ... ദൈവത്തിൽ പൂർണ്ണമായും ആശ്രയിക്കുന്നവൾ... മറിയത്തിന്റെ ഉള്ളിൽ നിറഞ്ഞുനിന്ന ദൈവികമായ ആനന്ദം കൊണ്ടാണ് അവൾക്ക് സ്തോത്രഗീതം ആലപിക്കാനായത്. കർത്താവിന്റെ വലത്തുകരം തന്നെ താങ്ങിക്കൊള്ളും എന്ന പൂർണ്ണവിശ്വാസം, പരി. അമ്മയ്ക്കുണ്ടായിരുന്നു.

തന്റെ വലത്തുകരത്താൽ നമ്മെ താങ്ങുന്നവനിലേക്ക് നമുക്കും ആശ്രയം വയ്ക്കാം.



# വിശുദ്ധ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ

ജെസ്മി പാണ്ടിക്കുന്നേൽ

ദൈവത്തെക്കുറിച്ച്, അവിടുത്തെ അനന്ത കാരുണ്യത്തെക്കുറിച്ച്, സ്നേഹത്തെക്കറിച്ച് നമ്മോട് പറയുന്നവനും അവിടുത്തെ പരിശുദ്ധി ജീവിക്കുന്നവനുമാണ് വൈദികൻ. വിശുദ്ധനായി സഭയിൽ വിളിക്കപ്പെടുംമുൻപേ മലയാളി മനസ്സുകളിൽ വിശുദ്ധനായി നിറഞ്ഞുനിന്ന വ്യക്തിത്വമാണ് ചാവറ പിതാവ്. 1871 ഫെബ്രുവരി 10-ാം തീയതി കുര്യാക്കോസ്-അന്നാ ദമ്പതികളുടെ ആറു മക്കളിൽ ഇളയവനായി, ചങ്ങനാശ്ശേരി അതിരൂപതയിൽപെട്ട കൈനകരിയിൽ ജനിച്ചു. ഭക്തരായ മാതാപിതാക്കളുടെ മാതൃകയും ശിക്ഷണവും അദ്ദേഹത്തിന്റെ വളർച്ചയിൽ നിർണ്ണായക ഘടകമായി.

മാതാപിതാക്കളുടെയും ബന്ധുക്കളുടെയും എതിർപ്പിനെ മറികടന്ന് 10 വയസ്സ് കഴിഞ്ഞപ്പോൾതന്നെ അദ്ദേഹം സെമിനാരിയിൽ ചേർന്നു. ചിട്ടയായ ജീവിതശൈലിയും കഴിവും സത്പ്രവൃത്തികളും അദ്ദേഹത്തിന്റെ പ്രത്യേകതയായിരുന്നു. ഏറെ പ്രതിസന്ധികളെ മറികടന്ന് 1829-ൽ 24-ാം വയസ്സിൽ പൗരോഹിത്യം സ്വീകരിക്കുകയും നവംബർ 29-ന് നവപൂജയർപ്പിക്കുകയും ചെയ്തു. നിർദ്ധനരുടെയും നിരാലംബരുടെയും ഇടയിൽ ഇറങ്ങി പ്രവർത്തിച്ച അദ്ദേഹം ജനങ്ങളുടെ ആദ്ധ്യാത്മിക വളർച്ചയ്ക്ക് വിശുദ്ധരായ വൈദികരും സന്ന്യസ്തരും ആവശ്യമാണെന്നു കണ്ടെത്തി. അങ്ങനെ അദ്ദേഹം കേരളത്തിൽ സന്ന്യാസാശ്രമങ്ങൾ സ്ഥാപിച്ചു.

പ്രസിദ്ധീകരണങ്ങളിലൂടെയും പള്ളിക്കൂടങ്ങൾ വഴി വിദ്യാഭ്യാസരംഗത്തും ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയും സ്ത്രീശാക്തീകരണത്തിലൂടെയും ഒക്കെ കേരളക്കരയിൽ അദ്ദേഹം നവോത്ഥാനത്തിനു കാരണക്കാരനായി. മുദ്രാലയ പ്രേഷിതത്വത്തിനായി അദ്ദേഹം സ്ഥാപിച്ച മാന്നാനം സെന്റ് ജോസഫ് പ്രസ്സിൽനിന്നാണ് മലയാളത്തിലെ ആദ്യ ദിനപ്പത്രമായ നസ്രാണി ദീപിക പുറത്തുവന്നത്.

മാത്രമല്ല, സീറോമലബാർ സഭയെ സംബന്ധിച്ചിടത്തോളം മാറ്റിനിർത്താൻ കഴിയാത്ത ഒരു വ്യക്തിയാണ് ചാവറപ്പിതാവ്. ആരാധനക്രമത്തിൽ സുറിയാനി പാരമ്പര്യങ്ങളുടെ ഉറവിടങ്ങൾ കണ്ടെത്തി നടപ്പാക്കാനും അദ്ദേഹം ആജീവനാന്തം പരിശ്രമിച്ചു.

ചാവറയച്ചന്റെ ജീവിതത്തിന്റെ ശക്തികേന്ദ്രം ദിവ്യകാരുണ്യമായിരുന്നു. 1871 ജനുവരി 3 ന് കൂനമ്മാവിൽ വച്ച് നിര്യാതനായ കുര്യാക്കോസ് ഏലിയാസച്ചന്റെ ഭൗതീകാവശിഷ്ടം മാന്നാനത്തേക്കു മാറ്റപ്പെട്ടു. 1986-ൽ ജോൺ പോൾ രണ്ടാമൻ മാർപാപ്പാ അദ്ദേഹത്തെ വാഴ്ത്തപ്പെട്ടവരുടെ ഗണത്തിൽ ചേർത്തു. 2014 നവംബർ 23-ന് ഫ്രാൻസിസ് മാർപാപ്പാ അദ്ദേഹത്തെ വിശുദ്ധ പദവിയിലേക്ക് ഉയർത്തി.

ദൈവിക സ്നേഹത്തിന്റെയും അവിടുത്തെ കാരുണ്യത്തിന്റെയും ഉത്തമ വക്താവായി മാറിയ ചാവറ കുര്യാക്കോസ് ഏലിയാസച്ചൻ വിശുദ്ധ പദവിയിലേക്ക് ഉയർന്ന് കേരളസഭയ്ക്ക് പ്രത്യേകിച്ച് സീറോമലബാർ സഭയ്ക്ക് അഭിമാനത്തിന്റെ കിരീടമായി വിളങ്ങി ശോഭിക്കുന്നു.







# വിശുദ്ധ എവുപ്രാസ്യാ

ജിനു നിരപ്പേൽ

കേരളത്തിലെ തൃശൂർ ജില്ലയിലെ കാട്ടൂർ ഗ്രാമത്തിൽ 1877 ഒക്ടോബർ 17 ന് എവുപ്രാസ്യാമ്മ ജനിച്ചു. മാതാപിതാക്കൾ എലുവത്തിങ്കിൽ ചേർപ്പൂക്കാരൻ അന്തോണിയും കുഞ്ഞേത്തിയും ആയിരുന്നു. 8-ാം ദിവസം മാമ്മോദീസാ സ്വീകരിച്ചു. ജ്ഞാനസ്നാന പേര് റോസ എന്നായിരുന്നു. ദൈവിക കാര്യങ്ങളിലുള്ള അഭിരുചി വളരെ ചെറുപ്പത്തിൽതന്നെ ഈ കുരുന്നുഹൃദയത്തിൽ മുളയെടുത്തിരുന്നു. 9-ാം വയസ്സിൽ തന്നെ തന്റെ കന്യാത്വം ദൈവത്തിനു സമർപ്പിച്ചു. റോസയുടെ വിവാഹം കാത്തിരുന്ന കുടുംബാംഗങ്ങൾക്ക് അവളുടെ ആഗ്രഹം സ്വീകാര്യമായിരുന്നില്ല. എന്നാൽ അവസാനം അവർ റോസയുടെ ഇംഗിതത്തിനു വഴങ്ങി. അങ്ങനെ 1897 മെയ് 10ന് ശിരോവസ്ത്രം സ്വീകരിച്ച് തിരുഹൃദയത്തിന്റെ സി. എവുപ്രാസ്യാ എന്നറിയപ്പെടാൻ തുടങ്ങി. തുടർന്ന് 1898 ജനുവരി 10ന് സഭാവസ്ത്രം സ്വീകരിച്ചു. ദൈവസ്നേഹത്തിലും അടിക്കടി വളർന്ന എവുപ്രാസ്യ ഒല്ലൂർ മഠത്തിലെത്തുകയും 1900 മെയ് 24 ന് നിത്യവ്രതവാഗ്ദാനം നടത്തകയും ചെയ്തു. 1952 ആഗസ്റ്റ് 29 ന് സ്വർഗ്ഗനാഥന്റെ അടുത്തേക്ക് പറന്നുയർന്നു.

2002-ൽ ധന്യയായും 2006-ൽ വാഴ്ത്തപ്പെട്ടവളായും പ്രഖ്യാപിക്കപ്പെട്ട എവുപ്രാസ്യാ 2014 നവം 23ന് വിശുദ്ധരുടെ ഗണത്തിലേക്ക് ഉയർത്തപ്പെട്ടു.

എവുപ്രാസ്യാമ്മ പരി. അമ്മയോട് അതീവ ഭക്തിയുള്ളവളായിരുന്നു. എവുപ്രാസ്യാമ്മയുടെ ആദ്ധ്യാത്മിക ജീവിതത്തിന്റെ തീക്ഷ്ണത തിരിച്ചറിഞ്ഞ ജനങ്ങൾ എവുപ്രാസ്യാമ്മയ്ക്കു നൽകിയ പേര് പ്രാർത്ഥിക്കുന്ന അമ്മ എന്നാണ്. "നീ നിയമം കാക്കുക എന്നാൽ നിയമം നിന്നെ കാക്കും" എന്ന മഹദ്വചനം സ്വജീവിതത്തിൽ അന്വർത്ഥമാക്കിയിരുന്നു ഈ കന്യക. 'മരിച്ചാലും മറ'ക്കില്ലാട്ട്വോ' എന്ന വാക്കുകളിൽ എവുപ്രാസ്യാമ്മയുടെ കൃതജ്ഞതാ പ്രകാശനമാണ് മുഴങ്ങിയിരുന്നത്. നമ്മുടെ നാട്ടിൽ നമുക്കു മുൻപേ ജീവിച്ച് നമുക്കും വിശുദ്ധിയുടെ പടവുകൾ ചവുട്ടിക്കയറാൻ സാധിക്കുമെന്ന മാതൃക കാണിച്ചുതന്ന എവുപ്രാസ്യാമ്മയെപ്പോലെ നമുക്കും വിശുദ്ധിയിലേക്ക് നടന്നുനീങ്ങാം.....




**കൂട്ടുകാരേ, റോണി പരീക്ഷയ്ക്കായി ഒരുങ്ങുമ്പോൾ കണ്ട ചില ചോദ്യങ്ങളാണിവ. ഇവയുടെ ഉത്തരങ്ങൾ കണ്ടെത്താൻ നിങ്ങൾ റോണിയെ സഹായിക്കാമോ?**

1. മംഗളവാർത്തക്കാലം ആരംഭിക്കുന്നത് എന്ന്?
2. "നീയോ കുഞ്ഞേ, അത്യുന്നതന്റെ പ്രവാചകൻ എന്ന് വിളിക്കപ്പെടും". ഇത് ആരെപറ്റിയാണ് പറയുന്നത്?
3. "അവർ ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കൽപനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു" ഇവർ ആരാണ്?
4. "ഭയപ്പെടേണ്ട, നിന്റെ പ്രാർത്ഥന കേട്ടിരിക്കുന്നു" "നീ ഭയപ്പെടേണ്ട, ദൈവസന്നിധിയിൽ നീ കൃപ കണ്ടെത്തിയിരിക്കുന്നു" ഈ രണ്ട് വാക്യങ്ങൾ ആരോടൊക്കെയാണ് ദൂതൻ പറഞ്ഞത്?
5. "കർത്താവ് അവളോടു വലിയ കാരുണ്യം കാണിച്ചിരിക്കുന്നു എന്നു കേട്ട അയൽക്കാരും ബന്ധുക്കളും അവളോടൊത്തു സന്തോഷിച്ചു". ഇവിടെ ആരുടെ ജനനത്തെക്കുറിച്ചാണ് പറയുന്നത്?
6. ലൂക്കാ സുവിശേഷകൻ ഈശോ എങ്ങനെ വിളിക്കപ്പെടും എന്നാണ് പറയുന്നത്?
7. മംഗളവാർത്തക്കാലത്ത് ആഘോഷിക്കുന്ന മാതാവിന്റെ തിരുനാൾ ഏത്?
8. "ഇതാ, നിന്റെ അഭിവാദനസ്വരം എന്റെ ചെവികളിൽ പതിച്ചപ്പോൾ ശിശു എന്റെ ഉദരത്തിൽ സന്തോഷത്താൽ കുതിച്ചുചാടി" ഇത് ആരുടെ വാക്കുകളാണ്?
9. "ഇവൻ ഇസ്രായേലിൽ പലരുടെയും വീഴ്ചയ്ക്കും ഉയർച്ചയ്ക്കും കാരണമാകും." ഇവൻ ആരാണ്? ആര് ആരോടാണ് ഇത് പറഞ്ഞത്?

**(തയ്യാറാക്കിയത്: ജിഷ മുണ്ടയ്ക്കത്താഴത്ത്)**

(15 വയസ്സുവരെയുള്ള കൂട്ടുകാർക്കാണ് ഈ മത്സരം. ലഭിക്കുന്ന ശരിയുത്തരങ്ങളിൽ നിന്നും നറുക്കിട്ടായിരിക്കും വിജയിയെ കണ്ടെത്തുക. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി - ജനുവരി 5).
**അയയ്ക്കേണ്ട വിലാസം:**പ്രതീക്ഷയുടെ പൂമൊട്ടുകൾ, സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി. ഒ., കോട്ടയം 686 018






**ബാലനോവൽ**

# ആത്മാവിൽ ദരിദ്രർ

**സ്റ്റെഫി മംഗലത്തുകുന്നേൽ**

"എന്റെ ദൈവമേ! ഒന്നൊരുങ്ങി വാ... ഇപ്പോത്തന്നെ നേരം വൈകി". രാവിലെ പള്ളിയിൽ പോകാനുള്ള തിരക്കിലാണ് മേരി. ഇളയതുങ്ങള് ഒരുങ്ങിയെത്തണ്ടേ.. 'ഓ ഈ ചേച്ചിയുടെ ഒരു തിരക്ക്, ദേ വരുന്നൂ..." ആനി വിളിച്ചുപറഞ്ഞു. എല്ലാവരും നിരനിരയായി അപ്പന്റെ മുമ്പിൽ ചെന്നുനിന്ന് സ്തുതിപറഞ്ഞ് അനുഗ്രഹവും വാങ്ങി ഇറങ്ങി... അതാണു പതിവ്. വർക്കിച്ചൻ മക്കളിറങ്ങിയാലുടനെ വീടിന്റെ വാതിൽചാരി പണിക്കിറങ്ങും. പിന്നെ സന്ധ്യായ്ക്കാ വരവ്. 'അപ്പാ അരി തീരാറായി' മേരി പതിയെ ആ ചെവിയിൽ മന്ത്രിച്ചു. 'ങും' വർക്കിച്ചൻ ഈശോയുടെ തിരുഹൃദയരൂപത്തിലേക്കു നോക്കി പറഞ്ഞു 'എല്ലാം നീ കാണുന്നുണ്ടല്ലോ' ജോസുകുട്ടിയെ ഒക്കത്തെടുത്തുകൊണ്ട് മേരി നടന്നുനീങ്ങുന്നതു നോക്കി നിൽക്കേ വർക്കിച്ചൻ ഓർത്തു 'ദൈവമേ, എന്റെ അന്നമ്മ ഉണ്ടായിരുന്നെങ്കിൽ... നീയെന്തിനാ ഇത്രവേഗം അവളെ കൊണ്ടുപോയത്? എന്റെ കുഞ്ഞുങ്ങൾക്ക് അമ്മയില്ലാതായില്ലേ... മേരിയെ ഓർക്കുമ്പോഴാ ഏറെ വിഷമം. യാതൊരു പരാതിയും കൂടാതെ ഇളയതുങ്ങളുടെ നാലെണ്ണത്തിന്റെ കാര്യവും നോക്കി... എന്റെ ഈശോ എന്റെ മേരിക്കുഞ്ഞിന് നീ നന്മ വരുത്തണേ' അറിയാതെ നിറഞ്ഞൊഴുകിയ കണ്ണുകൾ വേഗം തുടച്ച്, മേരി കെട്ടിവച്ചിരുന്ന പൊതിച്ചോറും കൈയിലെടുത്ത് വർക്കിച്ചൻ ഇറങ്ങി. (തുടരും)

കൂട്ടുകാരേ, 'വിശുദ്ധിയുടെ മുത്തുകളിലേക്ക്' നിങ്ങളുടെ രചനകളെയും സ്വാഗതം ചെയ്യുന്നു. നല്ല സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന ചെറുകഥകളും കുട്ടിക്കവിതകളും സത്ചിന്തകളും, ഒരു പേജിൽ കവിയാതെ *പ്രതീക്ഷയുടെ പൂമൊട്ടുകൾക്ക്* അയച്ചുതരിക. സാധ്യമെങ്കിൽ ഫോട്ടോയും. യോഗ്യമായവ പ്രസിദ്ധീകരിക്കുന്നതാണ്.



# Celebrating Christmas in the Manger

**Naveen Plackalil**

Joy to the world, the Saviour is born. Another Christmas! Cakes, Carols, gifts, Santa Claus and unlimited joy. Even after 2000 years the birth of Jesus evokes in us immense joy and merry with a new vigour. At the end of the year, it is time to keep away the weariness and worries and involve in the mood of festivity and celebration. “I bring you news of a great joy… for to you is born a Saviour, who is Christ the Lord” (Lk 2:11). Even today these words are a matter of great consolation to humanity. The message of the angels is very simple, “Awake man, for your sake, God became man”.

The mystery of incarnation is beyond the comprehension of human intellect. It is the real kenosis – God emptying himself or from his state of holiness and greatness, the creator willingly reducing himself to an “infant wrapped in swaddling clothes and lying in a manger” (Lk 2:12). God could have chosen a chamber in the royal palace or a silk mattress for his birth. Why didn’t he do so? “He is Emmanuel: God is with us” (Mt 1:23). He came to earth to share the destiny of ordinary human beings – their suffering, worries and poverty. Christ, the joy of mankind was born in the midst of utter



poverty and to this virtue of simplicity, he sticked on till the cross.

St. Paul writes: “The grace of our Lord Jesus Christ, that though he was rich, yet for your sake he became poor, so that by his poverty you might become rich” (2 Cor 8:9). Poverty alone was the one and only possession of Christ. He had abundance of love but lacked in material possessions. All who found peace and joy in him were true holders of the virtue of poverty – Mary, Joseph and the poor shepherd folk. The Magi too did not agree to go back to Herod which could have brought them honour and material comforts.

In the beatitudes Jesus says, “Blessed are the poor in spirit, for theirs is the Kingdom”. The way to heaven is a simple life adorned with poverty. We must concentrate on our treasures in heaven and not on earth. “It is easier for a camel to go through the eye of a needle than for a rich man to enter the Kingdom of God” (Lk 18:25). We can never find Jesus in the comforts and luxuries of the world, but in slums, in hovels and in the poor dwelling places of men that resembles the manger of Bethlehem. Great souls like Mother Theresa and Damian saw Jesus in the face of the suffering people and reached him. In the modern world we try to find him in our comfort zones. But like the three wise men of the East (Magi), who first came to Herod’s palace, our search would also be in vain. The Magi then followed the star and reached the manger at Bethlehem, found him and adored him. We too should trace the steps to the manger. The star that leads us to Christ is the Church and one who walks in the starlight of Church’s teachings can reach Christ.

Pope Francis with apostolic zeal exhorts us to live in the spirit of poverty. Many think that poverty is a new age idea, a virtue that spring out with Pope Francis. But the monastic virtue of poverty was practiced by the Church from the beginning. Pope Francis through his words and deeds gives new definition to it. This Christmas is an invitation to reach out to the poor. When we celebrate with cakes, puddings and all delicious dishes on our dining table we must not forget many who dream for at least bread crumbs that fall from our table.

Dear youngsters, we live today in a punk culture with KFCs, bartiecues, motorbikes, rock music, facebook and mobiles. We have enough means and methods to celebrate X’mas. In this world there are still many who dream for a morsel of stale bread. Our life has become a string of never ending celebrations. Let us celebrate this Christmas not in our comfort zones but in the manger of Bethlehem, with the poor and needy. A cake to a poor neighbor, a visit to an orphanage, a meal for a destitute… these are all meaningful X’mas gifts to Child Jesus. The satisfied smiles of the poor have a resemblance with the smile of a baby who shivered in the cold December night in Bethlehem some 2000 years ago. Let this smile be the object of our joy, in this simple, humble X’mas.

*Merry Christmas & Happy New Year.*

**സമർപ്പിതവർഷം**
**2014 നവംബർ 29 –**
**2016 ഫെബ്രുവരി 2**




# ആനന്ദിക്കുവിൻ

**"ഞാൻ** നിങ്ങളോട് ഒരു വാക്ക് പറയാനാഗ്രഹിക്കുന്നു. ആ വാക്ക് ആനന്ദം എന്നതാണ്. എവിടെ സമർപ്പിതരുണ്ടോ, അവിടെ ആനന്ദവുമുണ്ട്" (ഫ്രാൻസിസ് മാർപാപ്പ). സുവിശേഷത്തിന്റെ ആനന്ദം ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് പുതുവർഷത്തിലേക്കുള്ള സഭയുടെ പ്രയാണത്തിൽ, സമർപ്പിതരെ ആനന്ദത്തിന്റെ പര്യായങ്ങളായി എടുത്തുയർത്തിക്കൊണ്ട് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ 'സന്ന്യാസജീവിതം' എന്ന ഡിക്രിയുടെ 50–ാം വാർഷികത്തോടനുബന്ധിച്ച് പരി. പിതാവ് 2014 നവംബർ 29 മുതൽ 2016 ഫെബ്രുവരി 2 വരെ സമർപ്പിതവർഷമായി പ്രഖ്യാപിച്ചിരിക്കുകയാണ്. ഒരു പുതുജീവിതത്തിന്റെ ഫലങ്ങളും സന്തോഷത്തിന്റെ സമൃദ്ധിയും സമർപ്പിതജീവിതങ്ങളിലുണ്ടാകുവാനുള്ള വിശുദ്ധമായ ആഹ്വാനമാണിത്. 2014 നവംബർ 29–ന് പരി. കന്യകാമറിയത്തിന്റെ നിർമ്മലകരങ്ങളിൽ ഈ വർഷത്തെ സമർപ്പിച്ചുകൊണ്ട് റോമിൽ പരി. അമ്മയ്ക്ക് സമർപ്പിക്കപ്പെട്ട പേപ്പൽ ബസലിക്കായിൽ (സാന്താ മരിയ മജിയോറെ) ഇതിന്റെ ഔദ്യോഗികമായ തുടക്കം പ്രാർത്ഥനകളോടെ ആരംഭിക്കും. ഈ വിശുദ്ധ വർഷാചരണത്തിനൊരുക്കമായി "ആനന്ദിക്കുവിൻ" (Rejoice) എന്ന പേരിൽ ഒരു കത്ത് പരി. പിതാവ് സമർപ്പിതർക്കായി എഴുതിക്കഴിഞ്ഞു.

"സമർപ്പിതജീവിതം സഭയുടെ ഹൃദയത്തിൽ തന്നെ ഉള്ളതാണ്. അവളുടെ ദൗത്യത്തിന്റെ നിർണ്ണായകമായ ഒരു ഘടകമെന്ന നിലയിൽ നിലകൊള്ളുന്നു. കാരണം അത് ക്രൈസ്തവവിളിയുടെ ആന്തരികസ്വഭാവം വെളിപ്പെടുത്തുന്നു" (സമർപ്പിതജീവിതം No. 3) "സമർപ്പിതർ ഈ ലോകത്തെ ഉണർത്താൻ കഴിവുള്ളവരാകണം" (Rejoice No. 1) സഭയുടെ ഹൃദയത്തിൽ ആനന്ദമായിരുന്നുകൊണ്ട് ലോകം മുഴുവൻ സന്തോഷത്താൽ നിറയ്ക്കാനുള്ള മനോഹര വിളിയാണിത്. "മിശിഹായുടെ വാഗ്ദാനങ്ങളുടെ നിറവേറലിനെ ജാഗ്രതയോടെ കാത്തിരിക്കുന്നവരാണ് സമർപ്പിതർ. ഒപ്പം നിരുത്സാഹമുള്ളവരും, ഭാവിയെപ്പറ്റി അശുഭാപ്തിവിശ്വാസമുള്ളവരുമായ സഹോദരീസഹോദരന്മാർക്ക് പ്രത്യാശ നല്കാനും കഴിവുള്ളവരാണ്" (സമർപ്പിത ജീവിതം No. 27).

സമർപ്പിതവർഷാചരണത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ: സമർപ്പിതരുടെ നവീകരണം, സമർപ്പിതരുടെ ശുശ്രൂഷയ്ക്ക് വിശ്വാസികളുടെ ഭാഗത്തുനിന്നുള്ള നന്ദിപ്രകാശനം, സമർപ്പിതജീവിതത്തിലേക്ക് യുവതീയുവാക്കന്മാർക്കുള്ള ആഭിമുഖ്യം എന്നിവയാണ്.

നവീകരിക്കപ്പെട്ടതും പുനരുജ്ജീവിപ്പിക്കപ്പെട്ടതുമായ സമർപ്പിതജീവിതത്തിന്റെ ആദ്ധ്യാത്മികവും അപ്പസ്തോലികവുമായ സംഭാവന സഭയ്ക്കും ലോകത്തിനും ആവശ്യമുണ്ട്. എന്നാൽ ഈ 21–ാം നൂറ്റാണ്ടിൽ സമർപ്പിതരുടെ നന്മകൾ അറിഞ്ഞും അറിയാതെയും കൈനീട്ടി സ്വീകരിക്കുമ്പോഴും ആ ജീവിതാവസ്ഥയോട് വിമുഖത കാണിക്കാനുള്ള പ്രവണത വളർന്നുവരുന്നത് നമുക്ക് കണ്ടില്ലെന്ന് നടിക്കാനാവില്ല. സമർപ്പിതജീവിതത്തിന്റെ ആഴങ്ങളിലേക്കിറങ്ങി ആ ജീവിതത്തിന്റെ മനോഹാരിത മനസ്സിലാക്കാൻ ഈ വർഷം ഉപകരിക്കട്ടെ എന്ന് നമുക്ക് ആഗ്രഹിക്കാം... സമർപ്പിതർക്കായി ആത്മാർത്ഥമായി പ്രാർത്ഥിക്കാം.








# വിശ്വസിച്ചവൾ ഭാഗ്യവതി

**ജൂലി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

"വിനയം നിറയും മറിയത്തെ
ദൈവമുയർത്തി വിണ്ണോളം
നിമിഷം കൊണ്ടൊരു ദാസിയിതാ
രാജകുമാരികയായി മാറി"

(മംഗളവാർത്തക്കാലം – ബുധൻ റംശാ)

**ത**ന്റെ ദാസിയുടെ താഴ്മയെ കടാക്ഷിച്ചുകൊണ്ടും വാഗ്ദാനങ്ങളിൽ വിശ്വസ്തത പുലർത്തിക്കൊണ്ടും മനുഷ്യവംശത്തിന് രക്ഷയുടെ പൊൻകരം നീട്ടുന്ന ദൈവപിതാവിന്റെ വിരൽതുമ്പോടു ചേർത്തുവച്ച് വീണ്ടും ഒരു യാത്ര ആരംഭിക്കാം. വിശ്വാസത്തിന്റെ ഒരു തീർത്ഥയാത്ര!

മറിയം ശ്രവിച്ച മംഗളവാർത്ത അവളുടേത് മാത്രമാകാതെയിരുന്നത് അവൾ പദംവച്ച വിശ്വാസയാത്ര മൂലമാണ്. വിശ്വാസത്തോടെ അവിടുത്തോടുകൂടെ നടക്കുന്നവന്റെ ജീവിതത്തിലാണ് മാറ്റമുണ്ടാകുക. എന്തെന്നാൽ, മനുഷ്യബുദ്ധിക്ക് അഗ്രാഹ്യവും ഭോഷത്തവുമെന്ന് തോന്നുന്നവയാണ് ദൈവം ഒരുവനിൽ നിന്നും ആവശ്യപ്പെടുക.

മറിയത്തിന്റെ ശ്രവണം അവളുടെ പ്രാർത്ഥനയായിരുന്നു. അവൾ കേട്ടു, പരിഭ്രമിച്ചു, സന്തോഷിച്ചു, അനുസരിച്ചു, വിശ്വസിച്ചു. ഇതാണ് മറിയത്തിന്റെ സ്തോത്രഗീതം വെളിവാക്കുന്നത് (ലൂക്കാ 1,46–53).

ദൈവസ്നേഹവും പരസ്നേഹവും കോർത്തിണക്കിയ മറിയത്തിന്റെ ജീവതയാത്ര കൃപാപൂരിതമായിരുന്നു. മനുഷ്യജീവനും ബന്ധങ്ങൾക്കും യാതൊരു മൂല്യവും കല്പിക്കാതെ ചൂഷണം മാത്രം ലക്ഷ്യമാക്കുന്നു. 'ഇന്നി'ന്റെ മനുഷ്യൻ കൃപാരാഹിത്യത്തിന്റെ നിറകുടമായാൽ... ദൈവപിതാവിന്റെ വിരൽതുമ്പ് അവൻ നഷ്ടപ്പെടുത്തുകയല്ലേ?

ഈശോയെ അന്വേഷിച്ചുള്ള മറിയത്തിന്റെ പാതയിലെ പാഥേയം ദൈവഹിതം മാത്രമായിരുന്നു. വിരസതയുടെ ആധിക്യത്തിലും ജപമാല ചൊല്ലുകയും ആശ്വാസം ലഭിക്കാത്തപ്പോഴും വചനം വായിക്കുകയും ചെയ്യുന്ന പരിത്യാഗത്തിന്റെ വഴി പുല്കുവാനും പിഞ്ചെല്ലുവാനുമുള്ള അഭിവാഞ്ഛ ഓരോ വിശ്വാസിക്കും സ്വന്തമായാൽ ഈ ആധ്യാത്മിക യാത്ര സുകരമാകും.

# നീ ഫരിസേയനോ മിശിഹായോ?

റാണി മങ്ങാട്ട്

→ സ്വയം 'സംതിങ്ങ്' എന്നു വിചാരിക്കുകയും അപരനെ പുച്ഛിച്ചു തള്ളുകയും ചെയ്യുമ്പോൾ നീ ഫരിസേയനാകുന്നു (ലൂക്കാ 18,9).

→ അപരനെ താഴ്ത്തികെട്ടാനായി അവനെ വാക്കിൽകുടുക്കുവാനൊരുമ്പെടുന്നുവെങ്കിൽ നീ ഫരിസേയൻതന്നെ (ലൂക്കാ 6,2) (മർക്കോ 10,2).

→ സ്വയം കുറ്റപ്പെടുത്താതെ അപരനിൽ കുറ്റം ചുമത്തുമ്പോൾ, കണ്ണിലെ തടി ഗൗനിക്കാതെ കരടെടുക്കുവാൻ നെട്ടോട്ടമോടുന്നവൻ ഫരിസേയനാകുന്നു (ലൂക്കാ 6,7).

→ അസൂയ മൂത്ത് സഹോദരനു നേരെ വ്യാജാരോപണങ്ങളുടെ ഒളിയമ്പെയ്യുമ്പോൾ നീയും ഫരിസേയനാ (ലൂക്കാ 5,30).

→ സഹോദരനെ പിടിച്ചുയർത്തേണ്ട തലങ്ങളിലൊക്കെ അവന്റെമേൽ കാളീയമർദ്ദനം നടത്തുമ്പോൾ നീയും ഫരിസേയവർഗ്ഗത്തിൽപെടുന്നു. (മർക്കോ 3:1-6)

→ നിന്റെ ജീവിതനിലവാരത്തിനു യോജിക്കാത്ത ഭാഷണരീതികൾ നിന്റെ അധരങ്ങളിൽ നിന്നുയരുമ്പോൾ നീയോർമ്മിക്കുക നീയൊരു ഫരിസേയനാ.....

→ ആവശ്യക്കാരനെക്കണ്ട് കണ്ണടയ്ക്കുമ്പോൾ, മറുവശത്തുകൂടി കടന്നുപോകുമ്പോൾ നീ ഫരിസേയനാവുകയാ (മർക്കോ 7:10-12).

→ നിന്റെ ഹൃദയം കാപട്യവും കവർച്ചയും ദുഷ്ടതയും കൊണ്ട് നിറഞ്ഞിരിക്കുന്നുവോ? എങ്കിൽ നീ ഫരിസേയൻ (ലൂക്കാ 11:39); (മർക്കോസ് 7:6-7).

→ അനുദിനജീവിതത്തിൽ ദൈവത്തിന്റെ നീതിയും സ്നേഹവും നീ അവഗണിച്ചുകളയുന്നുവെങ്കിൽ നീയും ഫരിസേയനാകുന്നു (ലൂക്കാ 11,12).

→ എവിടെയും പ്രമുഖസ്ഥാനവും പൊതുസ്ഥലങ്ങളിൽ അഭിവാദനവും നീ അഭിലഷിക്കുന്നുവെങ്കിൽ സംശയിക്കേണ്ട ഫരിസേയൻതന്നെ. (ലൂക്കാ 11:43).

→ താങ്ങാനാവാത്ത ചുമടുകൾ മനുഷ്യരുടെമേൽ കെട്ടിവയ്ക്കുകയും അവരെ സഹായിക്കാൻ ഒരു ചെറുവിരൽപോലും അനക്കാതിരിക്കുകയും ചെയ്യുന്നുവോ? എങ്കിൽ ചിന്തിക്കുക (ലൂക്കാ 11,46).

**എന്നാൽ മിശിഹായോ?**

→ തന്നെ ഒറ്റുകൊടുക്കുന്നവനാണരികിലിരിക്കുന്നതെന്ന തിരിച്ചറിവിലും നെഞ്ചുനിറയെ സ്നേഹവുമായി നിന്നവനാണ് നിന്റെ മിശിഹാ... (യോഹ 13, 21-30).

→ പരിഹാസ്യനാകുമ്പോൾ പരാതി പറയാതെ ഹൃദയത്തിലിടം കൊടുക്കുന്നവനാണ് നിന്റെ മിശിഹാ (ലൂക്കാ 23, 35-37).

→ നിന്നെ കേൾക്കെയും കേൾക്കാതെയും വിമർശിക്കുകയും കുറ്റപ്പെടുത്തുകയും ചെയ്യുന്നവരെയും വിധിക്കാതെ അകമഴിഞ്ഞ് സ്നേഹിക്കുന്നവനാണ് നിന്റെ മിശിഹാ.

→ പാദം കഴുകി അത്രത്തോളം കുനിഞ്ഞവനാണ് നിന്റെ മിശിഹാ (യോഹ 13, 4-11).


→ പാപിനിയുടെ നിസ്സാഹയാവസ്ഥയിൽ "നിങ്ങളിൽ പാപമില്ലാത്തവർ അവളെ കല്ലെറിയട്ടെ" എന്ന ഒറ്റവാക്കിൽ പിതാവിന്റെ സ്നേഹത്തിലേക്കവളെ കൂട്ടിക്കൊണ്ടുവന്നവനാണ് നിന്റെ മിശിഹാ..." (യോഹ 8,1-11)

→ നിന്നോടുകൂടെ അത്താഴം പങ്കിടുന്നവൻ നിന്നെ വഞ്ചിക്കുമെന്നുറപ്പുള്ളപ്പോഴും ചങ്കോടു ചേർത്തു നിർത്തുമ്പോൾ നീ മിശിഹായായി മാറുന്നു.

വർഷങ്ങളെത്ര പിന്നിട്ടു മിശിഹായുടെ വഴികളിൽ!!! എന്നിട്ടും നീയൊരു മിശിഹായായില്ലേ... ഇനി മിശിഹായായിരിക്കട്ടെ നിന്റെ വഴികാട്ടി... വിളക്ക്



പ്രതീക്ഷയുടെ പൂമൊട്ടുകൾ




ഫാ. ഷിബു പുളിക്കൽ
കല്യാൺ രൂപത

എവിടെയോ വായിച്ച ഒരു കഥ! മഞ്ഞുകാലത്ത് ഒരു കുടുംബം വളരെ ദിവസങ്ങളായി പട്ടിണിയിലാണ്. എങ്കിലും ദൈവത്തിലുള്ള വിശ്വാസം അവർ കൈവിട്ടില്ല. അപ്പനും അമ്മയും മക്കളെ ചേർത്തുനിറുത്തി പ്രാർത്ഥിച്ചു. "ഏലിയായ്ക്ക് കാക്കയിലൂടെ ആഹാരം എത്തിച്ചുകൊടുത്ത ദൈവമേ, ഞങ്ങളെയും കരുതണമേ". പ്രാർത്ഥന കഴിഞ്ഞപ്പോൾ ഇളയമകൻ അടച്ചിട്ടിരുന്ന ജനൽ തുറന്നു. മഞ്ഞ് അകത്തേക്ക് വീഴാൻ തുടങ്ങി. ജനൽ അടയ്ക്കാൻ പിതാവ് ആവശ്യപ്പെട്ടു. ഉടനെ മകൻ ഒരു സംശയം ചോദിച്ചു, 'ദൈവം കാക്കയുടെ കൈയിൽ

ആഹാരം കൊടുത്തുവിട്ടാൽ എല്ലാ ജനലുകളും അടഞ്ഞുകിടന്നാൽ അത് എങ്ങനെ അകത്തുവരും'?. മകന്റെ വിശ്വാസത്തിൽ അഭിമാനം തോന്നിയ പിതാവ് ജനൽ അടയ്ക്കാൻ അവനെ നിർബന്ധിച്ചില്ല.

കുറച്ചുസമയം കഴിഞ്ഞപ്പോൾ ജനലിന്റെ അടുത്ത്നിന്ന് ഒരാൾ വിളിച്ചുപറഞ്ഞു: "ഞാൻ അടുത്ത ഗ്രാമത്തിലുള്ള ആളാണ്. ഞാൻ എന്റെ കടയിലേക്ക് കുതിരവണ്ടിയിൽ രണ്ട് ചാക്ക് ഗോതമ്പുമാവുമായി പോകുകയായിരുന്നു. എന്നാൽ മഞ്ഞ് വീഴാൻ തുടങ്ങിയതു മൂലം അവിടെ എത്തുമ്പോഴേക്കും മുഴുവൻ നശിച്ചുപോകും. അതിനാൽ ഈ രണ്ടു ചാക്ക് മാവുപൊടി നിങ്ങൾ എടുത്തുകൊള്ളൂ. പണമൊന്നും തരേണ്ട".

ദൈവത്തിന്റെ പ്രവൃത്തികൾ അജ്ഞാതമാണ്, അവിടുത്തെ എല്ലാ വഴികളും നമുക്കറിയില്ല. എല്ലാ വഴികളും അറിയുന്നവനെ വിളിക്കുന്ന പേരാണ് ദൈവം.

ഞാൻ പൂനയിലെ ദാപ്പോഡി ഇടവകയിൽ സേവനം ചെയ്യുമ്പോൾ ഒരു വല്യമ്മച്ചിയും, രണ്ട് കുട്ടികളും എന്നെ കാണാൻ വന്നു. കുട്ടികൾ അവരുടെ മകളുടെ മക്കളാണെന്നും വളരെ കഷ്ടപ്പെട്ടാണ് അവർ ജീവിക്കുന്നതെന്നും എന്തെങ്കിലും സഹായം കിട്ടുമോ എന്നറിയാനാണ് വന്നതെന്നും അവൾ പറഞ്ഞു. എന്ത് സഹായമാണ് ചെയ്യേണ്ടതെന്ന് ചോദിച്ചപ്പോൾ, അവരുടെകൂടെയുണ്ടായിരുന്ന ഏകദേശം 6 ഉം, 8 ഉം വയസ്സുള്ള കുട്ടികളുടെ മൂത്ത പെൺകുട്ടി പത്താംക്ലാസ്സിൽ നല്ല മാർക്കു വാങ്ങി പാസ്സായി. കുട്ടിക്ക് ഇപ്പോൾ വളരെ ബുദ്ധിമുട്ടി വീടിന് അടുത്തുള്ള ഒരു വിദ്യാഭ്യാസസ്ഥാപനത്തിൽ അഡ്മിഷൻ വാങ്ങിയിട്ടുണ്ട്. എന്നാൽ ഒരു വർഷത്തെ ഫീസ് അടയ്ക്കണം. അതും ഒരുമിച്ചടയ്ക്കണം. അല്ലെങ്കിൽ സ്കൂളിൽ നിന്നും പുറത്താക്കുമത്രേ. 22500 രൂപ ഉടനെ അടയ്ക്കാൻ സ്കൂൾ അധികൃതർ ആവശ്യപ്പെടുന്നു. അർദ്ധപട്ടിണിക്കാരായ ഈ മനുഷ്യർ 22500 രൂപ ഒരുമിച്ച് കണ്ടുകാണുക പോലുമില്ലെന്ന് എനിക്ക് തോന്നി.

അവരുടെ വാക്കുകൾ സത്യസന്ധമാണെന്ന് മനസ്സിലാക്കാൻ ഒരു സംഭവം ഉപകരിച്ചു. കാരണം ഇവർ വരുന്നതിന്റെ തലേദിവസം ഇടവകയിലെ രണ്ട് വ്യക്തികൾ ആരെങ്കിലും സഹായം ആവശ്യപ്പെട്ടു വന്നാൽ നല്കാൻ വേണ്ടി കുറച്ച് രൂപാ തന്നിരുന്നു. ആ തുക പാവങ്ങളെ സഹായിക്കാൻ വേണ്ടി രൂപീകരിച്ചിരിക്കുന്ന കാരുണ്യട്രസ്റ്റിൽ നിക്ഷേപിക്കാൻ കൈക്കാരന്റെ കൈയിൽ ഏല്പിച്ചിരുന്നു. അത്ഭുതമെന്നേ പറയാനാവൂ. കാരണം ആ രണ്ട് വ്യക്തികൾ തന്ന തുക കൂട്ടിനോക്കുമ്പോൾ അത് 22500 രൂപയായിരുന്നു.

സ്കൂളിന്റെ പേരിൽ ചെക്കെഴുതി ആ അമ്മച്ചിക്ക് ആവശ്യമായ 22500 രൂപ കൊടുക്കുമ്പോൾ എന്റെ മനസ്സിലൂടെ കടന്നുപോയ ചിന്തയിതാണ്. പിറ്റേദിവസം സഹായത്തിനായി വരുന്ന ഒരു അമ്മച്ചിക്കുവേണ്ടി തലേദിവസംതന്നെ പണം കണ്ടെത്തിവയ്ക്കുന്ന ദൈവം. ദൈവം എത്രമാത്രം കരുതലുള്ളവനാണ് എന്ന് തിരിച്ചറിയണം. ഇതൊക്കെ സാധാരണ സംഭവങ്ങളായി ഒരുപക്ഷേ തള്ളിക്കളയാം. സാധാരണ സംഭവങ്ങളിൽ അദ്ഭുതങ്ങൾ ചെയ്യുന്ന ദൈവത്തെ നാം എന്നാണ് ഇനി കണ്ടെത്തുക. മുടന്തൻ നടക്കുന്നതും, മരിച്ചവർ ഉയിർക്കുന്നതും മാത്രമല്ല അത്ഭുതങ്ങൾ. നിങ്ങൾ ഈ നിമിഷം ജീവിച്ചിരിക്കുന്നതും, നിങ്ങൾ നടക്കുന്നതും അത്ഭുതംതന്നെയാണ്.

ദൈവം അയയ്ക്കുന്ന കാക്കകൾക്കായി ഹൃദയജാലകങ്ങൾ തുറന്നിടുക. സാധാരണ സംഭവങ്ങളിൽപോലും അത്ഭുതങ്ങൾ കാണാൻ കണ്ണുകൾ തുറന്നുനോക്കുക. ഒരു പാട്ടിന്റെ വരികൾ ഓർമ്മവരുന്നു.

*അത്ഭുതങ്ങൾ തീർന്നിട്ടില്ല*
*അടയാളങ്ങൾ തീർന്നിട്ടില്ല*
*കാലത്തിൽ ഈ ലോകത്തിൽ*
*ദൈവശക്തി കുറഞ്ഞിട്ടില്ല*
*ദൈവത്തിൻ കൈ താന്നിട്ടില്ല*
*ലോകത്തിൽ ഈ കാലത്തിൽ.*





**കുടുംബ വിശുദ്ധി – 5**



# മക്കൾ ദൈവദാനം

*കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും. യൗവനത്തിൽ ജനിക്കുന്ന മക്കൾ യുദ്ധവീരന്റെ കയ്യിലെ അസ്ത്രങ്ങൾ പോലെയാണ്. അവകൊണ്ട് ആവനാഴി നിറയ്ക്കുന്നവൻ ഭാഗ്യവാൻ (സങ്കീ 127:3–5)*

**മിനി വന്യംപറമ്പിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

പാശ്ചാത്യവത്ക്കരണം ആധുനികഭാരതത്തെ മദിച്ചുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലെ മറ്റൊരു വെല്ലുവിളിയാണ് സന്താനങ്ങളുടെ എണ്ണത്തിലുള്ള കുറവ്. ഉല്പ 1:28 സന്താനപുഷ്ടിയുള്ളവരായി പെരുകുവിൻ. സ്രഷ്ടാവായ ദൈവം തന്റെ ഈ ദൗത്യം തുടരുവാൻ വിവാഹമെന്ന കൂദാശയിലൂടെ ദമ്പതികളെ ആഹ്വാനം ചെയ്യുകയാണ്. വത്തിക്കാൻ കൗൺസിൽ വിവാഹജീവിതത്തിന്റെ ലക്ഷ്യം എന്തെന്നു പഠിപ്പിക്കുന്നുണ്ട് 1) ദമ്പതികളുടെ സ്നേഹൈക്യം 2) സന്താനോല്പാദനം 3) മക്കളുടെ വിദ്യാഭ്യാസം. അണുകുടുംബത്തിലെ കുഞ്ഞുങ്ങൾക്ക് പങ്കുവയ്ക്കുന്നതിനും നല്ല ബന്ധങ്ങൾ സ്ഥാപിക്കാനും പക്വതയോടെ പെരുമാറുന്നതിനും കുറവുകൾ പൊതുവേ കാണാറുണ്ട്. മക്കളുടെ




എണ്ണം കുറവായതിനാൽ അവരെ തിരുത്താനും ശാസിക്കാനും മടികാട്ടുന്നവരും, പേടിക്കുന്നവരുമാണ്. അവിവേകമായി മക്കൾ പ്രതികരിച്ചാൽ... മക്കളെ പ്രകോപിപ്പിക്കും തരം അവരെ തിരുത്താൻ മാതാപിതാക്കൾ ശ്രമിക്കരുത്. വി. പൗലോസ് ശ്ലീഹാ പറയുന്നതു പോലെ, "പിതാക്കന്മാരേ, നിങ്ങൾ കുട്ടികളിൽ കോപം ഉളവാക്കരുത്. അവരെ കർത്താവിന്റെ ശിക്ഷണത്തിലും ഉപദേശത്തിലും വളർത്തുവിൻ" (എഫേ. 6,4).

ക്രിസ്തീയസ്നേഹം ദൈവസ്നേഹത്തിൽ നിന്നും ദൈവാനുഭവത്തിൽനിന്നും ഉരുത്തിരിയുന്നതാണ്. ദൈവസ്നേഹത്തിൽ നിന്നും രൂപംകൊള്ളുന്ന പരസ്നേഹത്തിന്റെ ശൈലി കുടുംബത്തിൽ പുലർത്തുകയും പുതിയ തലമുറയെ സ്നേഹത്തിൽ പരിശീലിപ്പിക്കുകയും ചെയ്യുക എന്ന കടമ മുതിർന്നവരുടേതാണ്. ധാർമ്മികത തകരുന്ന ആധുനികയുഗത്തിൽ ധർമ്മവും നീതിയുമൊക്കെ കുടുംബങ്ങളിൽ പുലരുവാൻ നാം അതീവശ്രദ്ധ ചെലുത്തണം. വാക്കുകളേക്കാൾ ജീവിത മാതൃകയാണിവിടെ കൂടുതൽ പ്രചോദനാത്മകം. ധാർമ്മികകാര്യങ്ങളിലുള്ള അടിയുറച്ച നിഷ്ഠ ചെറുപ്പത്തിലേ പുതിയ തലമുറയ്ക്കു നൽകാതെ നമുക്കു ഭാവി ഭദ്രമാക്കുക സാധ്യമല്ല. കുടുംബങ്ങളിൽ കുത്തഴിഞ്ഞ ജീവിതമാണെങ്കിൽ മക്കൾ തകർച്ചയുടെ പാതയിലായിരിക്കും ചരിക്കുക. മാതാപിതാക്കളുടെ നിസ്വാർത്ഥതയും ത്യാഗമനസ്ഥിതിയും നല്ല മാതൃകയും മക്കളുടെ സ്വാഭാവരൂപീകരണത്തിനു നിദാനമാണ്. ഇവ കുടുംബത്തിൽ നിറഞ്ഞുനില്ക്കണം. അവ കണ്ടും കേട്ടും കൊണ്ടും കുട്ടികൾ പഠിക്കണം. കുടുംബവും കുടുംബാന്തരീക്ഷവും നന്മയുടെ ഈറ്റില്ലമായിരിക്കണം. നല്ല മാതാപിതാക്കളിൽ നിന്നു നല്ല മക്കൾ രൂപംകൊള്ളുന്നു. ഈശോ പറയുന്നു: നല്ലവൃക്ഷം നല്ല ഫലവും ചീത്ത വൃക്ഷം ചീത്ത ഫലവും പ്രദാനം ചെയ്യും. ഫലത്തിൽ നിന്നു വൃക്ഷത്തെ തിരിച്ചറിയാൻ കഴിയുമെന്ന്.

ആധുനികകാലഘട്ടത്തിൽ മക്കൾ വഴിപിഴയ്ക്കുന്നത് സാഹചര്യങ്ങളാവാം, മാധ്യമങ്ങളാവാം, ശിക്ഷണത്തിന്റെ കുറവാകാം, പാരമ്പര്യമാവാം, അമിതമായ ലാളനയോ സുഖസൗകര്യങ്ങളോ ആവാം. എന്നാൽ മക്കളെ യഥാർത്ഥമായ, പക്വമായ ശിക്ഷണമാർഗ്ഗത്തിലൂടെ നയിച്ചാൽ, മക്കൾ വഴിതെറ്റിപ്പോകുകയില്ല. മക്കളുടെമേൽ നല്ലൊരു ജാഗ്രത ആവശ്യമാണ്. അവരിലെ തിന്മയെ പിഴുതെറിയാനും പറിച്ചുകളയാനും നന്മകളെ നട്ടുപിടിപ്പിക്കാനും വളർത്താനും മാതാപിതാക്കൾ അറിഞ്ഞിരിക്കണം. സുഭാഷിതത്തിൽ ഇപ്രകാരം പറയുന്നു: *കുട്ടിയെ ശിക്ഷിക്കാൻ മടിക്കേണ്ട, വടികൊണ്ട് അടിച്ചെന്നുവച്ച് അവൻ മരിച്ചുപോവുകയില്ല. അടിക്കുമ്പോൾ നീ അവനെ പാതാളത്തിൽ നന്നു രക്ഷിക്കുകയാണ് (സുഭാ. 23:13-14).* കുഞ്ഞുങ്ങൾക്കു നല്കുന്ന സ്നേഹപരിലാളനത്തോടൊപ്പം ശാസനങ്ങളും താഡനങ്ങളും കൊടുത്തു പരിശീലിപ്പിച്ചു വളർത്തണം അവയൊക്കെ വളരെ ശ്രദ്ധയോടും സംയമനത്തോടും ഏറെ സ്നേഹത്തോടുംകൂടെ വേണം നിർവഹിക്കുവാൻ. മക്കളെ ജനിപ്പിച്ചതുകൊണ്ടു മാത്രം മാതാപിതാക്കളുടെ ഉത്തരവാദിത്തം തീരുന്നില്ല. ഉത്തരവാദിത്തപൂർണമായ മാതൃത്വും പിതൃത്വവും നല്ലമക്കളെ വാർത്തെടുക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്. അത്, മക്കളുടെ സമഗ്രമായ വളർച്ചയിൽ അതായത് ആത്മീയവും ഭൗതികവും മാനസികവും ബൗദ്ധികവുമായ വളർച്ചയിലും ഒപ്പം വൈകാരികമായ വളർച്ചയിലും സഹായിക്കുക എന്ന

> **മക്കളെ ജനിപ്പിച്ചതുകൊണ്ടുമാത്രം മാതാപിതാക്കളുടെ ഉത്തരവാദിത്തം തീരുന്നില്ല. ഉത്തരവാദിത്തപൂർണമായ മാതൃത്വും പിതൃത്വവും നല്ലമക്കളെ വാർത്തെടുക്കുന്നതിലാണ് അടങ്ങിയിരിക്കുന്നത്.**






താണ്. എല്ലാറ്റിലുമുപരി മക്കളെ സ്വർഗീയപിതാവിന്റെ ഇ.ഷ്ടമനുസരിച്ച് ഭൂമിയിൽ ജീവിക്കേണ്ടതെങ്ങനെ എന്നു പഠിപ്പിക്കുക എന്നതാണ് ഏറ്റവും വലിയ കർത്തവ്യം ഇപ്രകാരം വളർത്തപ്പെടുന്ന മക്കളെക്കുറിച്ചാണ് സങ്കീർത്തനം *127-ൽ പറയുക, കർത്താവിന്റെ ദാനമാണ് മക്കൾ, ഉദരഫലം ഒരു സമ്മാനവും. യൗവനത്തിൽ ജനിക്കുന്ന മക്കൾ യുദ്ധവീരന്റെ കയ്യിലെ അസ്ത്രങ്ങൾ പോലെയാണ്. അവകൊണ്ട് ആവനാഴി നിറയിക്കുന്നവർ ഭാഗ്യവാൻ.*

കുട്ടികളുടെ സമഗ്രവളർച്ചയെ സഹായിക്കാൻ അവരുടെ പ്രത്യേകതകളെ മനസിലാക്കി ഇടപെടണം. അവരിലുള്ള കഴിവുകളെയും കുറവുകളെയും മാതാപിതാക്കൾക്ക് കണ്ടെത്തി അതനുസരിച്ചുള്ള വിദ്യാഭ്യാസരീതിയും മക്കൾക്കു നല്കണം. നല്ല വിദ്യാഭ്യാസം എല്ലാ മാതാപിതാക്കളുടെയും ആഗ്രഹമാണ്. തങ്ങളുടെ സാമ്പത്തികസ്ഥിതിയും മക്കളുടെ ബുദ്ധിവൈഭവവും കണ്ടറിഞ്ഞുവേണം മക്കളെ ഏതു സ്കൂളിൽ ചേർക്കണം എന്നു തീരുമാനിക്കാൻ. അപ്പോൾ ആവശ്യമില്ലാത്ത ഭാരങ്ങൾ മാതാപിതാക്കളും മക്കളും വഹിക്കേണ്ടി വരികയില്ല. മക്കളുടെ മേൽ അമിതമായ പ്രതീക്ഷവയ്ക്കരുത്, കാരണം ബുദ്ധിയുടെ വൈഭവം ഓരോ കുട്ടികൾക്കും വ്യത്യസ്തമായിരിക്കും. ഉചിതമായ നിലയിൽ വളരാനും പഠിക്കാനും അവരെ സഹായിക്കുക അവസരമൊരുക്കുക എന്നതാണ് കരണീയം. അല്ലാത്തപക്ഷം ഉന്തി മരം കയറ്റുന്നതിനു തുല്യമാകും.

വിദ്യാഭ്യാസകാലയളവിൽ മക്കളുടെമേൽ നല്ലൊരു ശ്രദ്ധ ഉണ്ടാവണം. ഇന്ന് സമൂഹത്തിൽ അലയടിക്കുന്ന സ്വാധീനശക്തികളെക്കുറിച്ച് ശരിയായി ഗ്രഹിക്കാനും അവയുടെ ദൂഷിതവലയത്തിൽ നിന്നും തങ്ങളുടെ മക്കളെ രക്ഷിക്കാനും മാതാപിതാക്കൾക്കു കഴിയണം. വിദ്യാഭ്യാസത്തോടൊപ്പം മൂല്യാധധിഷ്ഠിതമായ ഒരു ജീവിതം നയിക്കുന്നതിനും മക്കളെ പരിശീലിപ്പിക്കണം. മക്കളുടെ കൂട്ടുകാരും അവർ വായിക്കുന്ന പുസ്തകങ്ങളും അവർ കാണുന്ന സിനിമകളും സി.ഡി.കളും അവരുടെ നന്മയ്ക്കുതകുന്നതാണോ എന്ന് പരിശോധിച്ചറിയണം. തക്കസമയത്ത് വേണ്ട നിർദേശങ്ങൾ നല്കി നേർവഴിക്കു നയിക്കാൻ മാതാപിതാക്കൾക്കു കഴിയണം. അങ്ങനെ കുട്ടികൾ അശുദ്ധിയുടെ പാതയിൽ ചരിക്കാതെ വിശുദ്ധരായ ദൈവമക്കളായി രൂപംകൊള്ളും. മക്കളുടെ വളർച്ചയിലും വിദ്യാഭ്യാസത്തിലും പ്രദർശിപ്പിക്കേണ്ട കടമകൾ നിർവഹിച്ചുകൊണ്ട് പിതൃത്വത്തിന്റെയും മാതൃത്വത്തിന്റെയും ദൗത്യങ്ങൾ പൂർത്തീകരിക്കുക. പതിനൊന്നാം പീയൂസ് പാപ്പ 'ക്രൈസ്തവവിവാഹം' എന്ന തന്റെ ചാക്രികലേഖനത്തിൽ പറയുന്നു: മാതാപിതാക്കളെ ദൈവം ഏല്പിച്ച താലന്തുകളാണ് അവരുടെ മക്കൾ, വിധിദിവസം ഈ താലന്തുകൾ പലിശസഹിതം തിരിച്ചേല്പിക്കുന്നതാണ് അവരുടെ കടമ. ദൈവം തങ്ങളെ ഏല്പിച്ച ഈ ദാനങ്ങളെ ഏറ്റം സ്നേഹത്തോടെ പരിപാലിക്കാനും നഷ്ടമാകാതെ ദൈവകരങ്ങളിൽ തിരിച്ചേല്പിക്കാനും കഴിയട്ടെ. ഇപ്രകാരം കർത്തവ്യങ്ങളും കടമകളും അഭംഗുരം പാലിച്ചുകൊണ്ട് വരും തലമുറയെ പടുത്തുയർത്തുവാൻ ഓരോ മാതാപിതാക്കൾക്കും സാധിക്കട്ടെ.

> *"ദൈവം ഈശോമിശിഹായിൽ ലോകത്തെ തന്നോട് അനുരഞ്ജിപ്പിക്കുകയും മനുഷ്യവംശത്തെ പാപത്തിന്റെ ബന്ധനത്തിൽ നിന്ന് വീണ്ടെടുക്കുകയും ചെയ്തു. ഈശോയിൽ ദൈവം നമ്മുടെ മർത്യശരീരമെടുത്തു നമ്മുടെ ഭൗമികാവസ്ഥയിലും നമ്മുടെ സഹനങ്ങളിലും പാപമൊഴികെ എല്ലാറ്റിലും നമ്മെപ്പോലെയായി"* (YOUCAT 76)




# മംഗളവാർത്തക്കാലം ക്ഷണിക്കുന്നു

**ഷിനി തെരേസ് മുതുപ്ലാക്കൽ**

മംഗളവാർത്തക്കാലം നിന്നെ ക്ഷണിക്കുന്നു....

ജീവിതത്തിൽ ഏറ്റെടുക്കേണ്ടി വരുന്ന വെല്ലുവിളികളെ അവഗണിച്ചും കർത്താവിന്റെ വാക്കനുസരിച്ച ജോസഫിനെപ്പോലെ പ്രവർത്തിക്കാൻ... (മത്താ 1,24).

ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിച്ചവരുമായ സഖറിയായെയും എലിസബത്തിനെയും പോലെയാകുവാൻ.... (ലൂക്കാ 1,6).

സഖറിയായെയും എലിസബത്തിനെയും പോലെ പ്രാർത്ഥനയിൽ സ്ഥിരതയുള്ളവരാകുവാൻ.... ലഭിക്കേണ്ട കാര്യത്തിന് കാലവിളംബം സംഭവിച്ചാലും പ്രാർത്ഥനയ്ക്കു മുടക്കംവരുത്താതിരിക്കാൻ...(ലൂക്കാ 1,13).

ലഭിച്ച അനുഗ്രഹങ്ങൾക്ക് എലിസബത്തിനെ പോലെ ദൈവതിരുമുമ്പിൽ നന്ദിയുള്ളവരാകാൻ...(ലൂക്കാ 1,25).

മനസ്സിലാക്കാനാവാത്ത സംഭവങ്ങൾ ജീവിതത്തിലുണ്ടാകുമ്പോൾ മറിയത്തെപ്പോലെ എളിമയോടെ ദൈവഹിതം നിറവേറ്റുവാൻ...(ലൂക്കാ 1,38).

എലിസബത്തിനെപ്പോലെ മറ്റുള്ളവരിലെ ദൈവികസാന്നിദ്ധ്യം തിരിച്ചറിഞ്ഞ് അവരെ വിലമതിക്കാൻ...(ലൂക്കാ 1,43).

ദൈവം നല്കുന്ന അനുഗ്രഹങ്ങൾക്ക് മറിയത്തെപ്പോലെ സ്തുതിഗീതമാലപിക്കാൻ...(ലൂക്കാ 1,46-55).

സഖറിയായുടെ അയൽവാസികളെയും ബന്ധുക്കളെയുംപോലെ സഹോദരങ്ങൾക്ക് കർത്താവു നല്കുന്ന കാരുണ്യത്തിൽ അസൂയ കൂടാതെ അവരോടൊത്തു സന്തോഷിക്കാൻ...(ലൂക്കാ 1,58).

ദീർഘവും ദുർഘടവുമായ വഴികൾ താണ്ടി ഈശോയെ ആരാധിക്കാനെത്തിയ ജ്ഞാനികളെപ്പോലെ ദൈവാരാധനയ്ക്കു വിഘ്നം വരുത്തുന്ന സാഹചര്യങ്ങളെയെല്ലാം അതിജീവിക്കാൻ... (മത്താ 2,1-11).

കർത്താവിന്റെ നിയമപ്രകാരം എല്ലാം നിവർത്തിച്ച തിരുക്കുടുംബത്തെപ്പോലെ തിരുസ്സഭയുടെ പ്രമാണങ്ങൾ അനുസരിച്ചു ജീവിക്കാൻ... (ലൂക്കാ 1,39).

(ലൂക്കാ 1,6).(ലൂക്കാ 1,6).(ലൂക്കാ 1,6).(ലൂക്കാ 1,6).(ലൂക്കാ 1,6).

ഈശോയെ എൻ ദൈവമേ
നീയെനിക്കഭയമല്ലോ.
കൂരിരുൾ മാറ്റിടും ദൈവമേ
നീയെനിക്കഭയമല്ലോ.
നിന്നമ്മയെ നൽകിയ ദൈവമേ
നീയെനിക്കഭവയമല്ലോ.
മാലാഖവൃന്ദങ്ങൾ വാഴ്ത്തും ദൈവമേ
നീയെനിക്കഭയമല്ലോ.

**സിസിലി സ്റ്റീഫൻ**
**മംഗലത്തുകുന്നേൽ**








# സെനക്കിൾ തരംഗം

**സന്ദേശം**

മിശിഹായിൽ പ്രിയപ്പെട്ട വൈദികസഹോദരരേ,

നമ്മുടെ ആരാധനക്രമവത്സരം ആരംഭിക്കുന്നത് മംഗളവാർത്തക്കാലംകൊണ്ടാണല്ലോ. ആരാധനാവത്സരവും ആരാധനാവത്സരാചരണവും ക്രീസ്തീയ ആദ്ധ്യാത്മികതയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. ഈശോമിശിഹായിലൂടെ ദൈവം പൂർത്തിയാക്കികൊണ്ടിരിക്കുന്ന രക്ഷാകരപ്രവർത്തനത്തോട് സഹകരിച്ച് വിശുദ്ധിയിൽ വളരുവാൻ ആരാധനക്രമവത്സരാചരണം നമ്മെ സഹായിക്കുന്നു. ദൈവം മാത്രമാണ് പരിശുദ്ധൻ. മനുഷ്യരാരും അവരിൽത്തന്നെ പരിശുദ്ധരല്ല. ദൈവമാണ് നമ്മെ വിശുദ്ധീകരിക്കുന്നവൻ. തന്റെ പുത്രനായ മിശിഹായിലൂടെ ദൈവം നമ്മെ വിശുദ്ധീകരിക്കുന്ന ഏറ്റം ശ്രേഷ്ഠമായ വേദി ലിറ്റർജിയാണ്. ആരാധനക്രമ വത്സരത്തിന്റെ ക്രമീകരണത്തിനനുസൃതമായി മിശിഹായിൽ ജീവിക്കുന്നതുവഴി നാം വിശുദ്ധിയിൽ വളരും.

മിശിഹായുടെ മനുഷ്യാവതാരവും ജനനവും അനുസ്മരിക്കുകയും അനുഷ്ഠിക്കുകയും ആഘോഷിക്കുകയും ചെയ്യുന്ന മംഗളവാർത്തക്കാലം ദൈവവചനത്തിന് മാംസം ധരിക്കുവാൻ നമ്മുടെ ജീവിതത്തിൽ നമുക്ക് ഇടം കൊടുക്കാം. "ഇതാ കർത്താവിന്റെ ദാസി' നിന്റെ വചനം പോലെ എന്നിൽ ഭവിക്കട്ടെ" (ലൂക്കാ 1:38) എന്നു പറഞ്ഞ പരി. കന്യകാമറിയത്തിന്റെ മനോഭാവം ഉൾക്കൊണ്ട് വചനാധിഷ്ഠിത ജീവിതം നയിക്കുവാനും അപ്രകാരം വചനത്താൽ വിശുദ്ധീകരിക്കപ്പെട്ട് വിശുദ്ധിയിൽ വളരുവാനും മംഗളവാർത്തക്കാലം നമുക്കെല്ലാവർക്കും അവസരമൊരുക്കട്ടെ!

**മല്പാൻ ഫാദർ മാത്യു വെള്ളാനിക്കൽ**
ജനറൽ മേജർ ഫാദർ

**വാർത്തകൾ**

അപ്പസ്തോലിക് സൊദാലെസ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ കൗൺസിൽ മീറ്റിംഗ് 2014 നവംബർ 25-26 തീയതികളിൽ റോമിൽവച്ചു നടക്കും. അതിനുശേഷം നവംബർ 27-ാം തീയതി അപ്പസ്തോലിക് സൊദാലെസ്, അപ്പസ്തോലിക് ഒബ്ലേറ്റ്സ്, സോഷ്യൽ ആനിമേറ്റേഴ്സ് ഇൻസ്റ്റിറ്റ്യൂട്ടുകളുടെ ഉന്നതാധികാരസമിതിയായ 'ഫെഡറേഷൻ ഓഫ് അപ്പസ്തോലിക് മാക്സിമലിസ'ത്തിന്റെ മീറ്റിംഗും റോമിൽവച്ചു നടക്കുന്നതാണ്. സൊദാലെസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജനറൽ മേജർ ഫാദർ ബഹു. മാത്യു വെള്ളാനിക്കലച്ചൻ ഈ മീറ്റിംഗുകളിൽ സംബന്ധിക്കുവാൻ നവംബർ 2-ാം തീയതി റോമിലേക്കു പുറപ്പെടും. നവംബർ 14 മുതൽ 21 വരെയുള്ള തീയതികളിൽ അദ്ദേഹം അമേരിക്കയിലെ സൊദാലെസ് വൈദികരെ സന്ദർശിക്കും. അമേരിക്കയിൽനിന്നു തിരിച്ചു റോമിലെത്തി വി. ചാവറ കുര്യാക്കോസ് ഏലിയാസച്ചന്റെയും വി. എവുപ്രാസ്യാമ്മയുടെയും നാമകരണച്ചടങ്ങിൽ സംബന്ധിക്കും. നവംബർ 29-ാം തീയതി സമർപ്പിതരുടെ വർഷം ഉദ്ഘാടനം ചെയ്യപ്പെടുന്ന ദിവസം റോമിലുള്ള സൊദാലെസ്, ഒബ്ലേറ്റ്സ്, സോഷ്യൽ ആനിമേറ്റേഴ്സ് എന്നിവർക്ക് സംയുക്തമായി ഒരു ദിവസത്തെ ധ്യാനത്തിന് നേതൃത്വം നല്കുകയും ചെയ്യും. ഡിസംബർ 1-ാം തീയതി അദ്ദേഹം ഇന്ത്യയിൽ തിരിച്ചെത്തും.

സെനക്കിൾ വൈദികകൂട്ടായ്മയിൽ പങ്കുചേരുവാൻ താല്പര്യമുള്ള വൈദികർ, സെനക്കിൾ തരംഗം, *സ്പിരിച്ച്വാലിറ്റി സെന്റർ, മാങ്ങാനം പി.ഓ, കോട്ടയം 686018* എന്ന വിലാസത്തിൽ ബന്ധപ്പെടുക.

# സ്വർഗം എവിടെ?

നിങ്ങളുടെ ദൈവശാസ്ത്രപരവും ബൈബിൾപരവുമായ സംശയങ്ങൾക്ക് പ്രശസ്ത ദൈവശാസ്ത്രജ്ഞനും ബൈബിൾ പണ്ഡിതനുമായ ബഹു. മല്പാൻ മാത്യു വെള്ളാനിക്കൽ അച്ചൻ ഉത്തരം നല്കുന്നു.

*ചോദ്യങ്ങൾ അയക്കേണ്ട വിലാസം:*

**എഡിറ്റർ, പ്രതീക്ഷയുടെ പൂമൊട്ടുകൾ,**
**സ്പിരിച്ചാലിറ്റി സെന്റർ, മാങ്ങാനം പി.**
**ഒ., കോട്ടയം-686 018**

*വി. യോഹന്നാന്റെ സുവിശേഷത്തിൽ "എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ...ഞാൻ പോയി സ്ഥലമൊരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടുപോകും" (14,2-3) എന്നു പറയുന്നു. എവിടേക്കാണ് ഈശോ നമ്മെ കൊണ്ടുപോകുന്നത്? സ്വർഗം എവിടെയാണ്?*

**- റ്റീനാ പാമ്പാടുംപാറ**

വിശുദ്ധഗ്രന്ഥഭാഗങ്ങളിലെ ചില ആലങ്കാരികപ്രയോഗങ്ങൾ സ്വർഗത്തെയും നരകത്തെയുമൊക്കെ ഒരു സ്ഥലമായി ചിത്രീകരിക്കുന്നുണ്ട് (ലൂക്കാ 16,9; 22,29-30; മർക്കോ 10,40 തുടങ്ങിയവ). ഈ വിശുദ്ധഗ്രന്ഥഭാഗങ്ങളിൽ യഹൂദപാരമ്പര്യത്തിന്റെ സ്വാധീനം പ്രതിഫലിക്കുന്നുണ്ട്. യഹൂദപാരമ്പര്യത്തിൽ പിതാവിന്റെ വാസസ്ഥലം, പിതൃഭവനം എന്നൊക്കെ സ്വർഗത്തെ വിശേഷിപ്പിക്കുന്നുണ്ടല്ലോ. എന്നാൽ സ്വർഗവും നരകവുമൊക്കെ ജീവിതബന്ധിയായി ഉണ്ടാകുന്ന ഒരു അവസ്ഥയാണ്.

കർത്താവിനോടുകൂടിയായിരിക്കുന്ന അവസ്ഥയാണ് സ്വർഗം: "... അങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടി ആയിരിക്കുകയും ചെയ്യും" (1 തെസ 4,16-17) എന്ന് അന്ത്യവിധിയെക്കുറിച്ചു പരാമർശിക്കുമ്പോൾ പൗലോസ്ശ്ലീഹാ പറയുന്നുണ്ടല്ലോ. ദൈവത്തോടുള്ള ഐക്യത്തിന്റെ അവസ്ഥയാണ് യഥാർത്ഥത്തിൽ സ്വർഗം. യോഹ 14,2 ൽ പറഞ്ഞിരിക്കുന്ന 'വാസസ്ഥലങ്ങൾ' എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഗ്രീക്കുപദത്തിന്റെ ക്രിയാരൂപമായ 'മെനേയ്ൻ' എന്നതിന്റെ അർത്ഥം 'അവനിൽ ആയിരിക്കുക', 'അവനിൽ വസിക്കുക' എന്നൊക്കെയാണ്. ഈശോയിൽ വസിക്കുന്ന അവസ്ഥയെയാണ് ഇത് സൂചിപ്പിക്കുന്നത്. യോഹ 14,23 ലും 'വാസസ്ഥലം' എന്നതിന് ഉപയോഗിച്ചിരിക്കുന്നത് മേൽസൂചിപ്പിച്ച ഗ്രീക്കുപദത്തിന്റെ ഏകവചനമാണ്. ദൈവത്തിൽ വിശ്വസിക്കുകയും അവിടുത്തെ സ്നേഹിക്കുകയും ചെയ്യുന്നവനിൽ ത്രിയേകദൈവം വസിക്കും. ഇവിടെ ദൈവമനുഷ്യസഹവാസത്തെക്കുറിച്ചാണ് പറയുന്നത്. യോഹ 14,2 ലും 14,23 ലും ഒരേ വാക്ക് ഉപയോഗിച്ചിരിക്കുന്നതിനാൽ സ്വർഗമെന്നത് വെറും ഒരു വാസസ്ഥലമല്ല; മറിച്ച് ഈശോയിലുള്ള ദൈവൈക്യത്തിന്റെ പൂർണതയാണ് എന്നു മനസ്സിലാക്കാം. ദൈവവുമായുള്ള ഐക്യത്തിന്റെ സന്തോഷവും സംതൃപ്തിയും സായൂജ്യവും നേടാൻ വിളിക്കപ്പെട്ട മനുഷ്യന് അതു നിത്യമായി ലഭിക്കാതെ വരുമ്പോഴുണ്ടാകുന്ന നഷ്ടബോധമാണ് നരകം എന്ന അവസ്ഥ.

ഈ ലോകത്തിൽവച്ചുതന്നെ, നമ്മുടെ ജീവിതത്തിന്റെയും പ്രവർത്തനങ്ങളുടെയും ഫലമനുസരിച്ച് സ്വർഗവും നരകവും ആരംഭിക്കുന്നു. അതായത്, ഈലോകത്തിൽ വച്ചുതന്നെ ത്രിയേകദൈവത്തിന്റെ സഹവാസം നാം അനുഭവിക്കുന്നുണ്ട്. എന്നാൽ ഈലോകത്തിന്റെ പരിമിതികൾ നമ്മെ വലയം ചെയ്യുമ്പോൾ ദൈവികസഹവാസത്തിന്റെ ആനന്ദവും മാധുര്യവും പൂർണതയിൽ ആസ്വദിക്കാൻ നമുക്കു കഴിയില്ല. എന്നാൽ മരണശേഷം ഈലോകത്തിന്റെ കെട്ടുപാടുകളിൽനിന്നു നാം സ്വതന്ത്രരാകുകയും ദൈവവുമായുള്ള പൂർണ ഐക്യത്തിലേക്കു കടക്കുകയും ചെയ്യുന്നു.







# അമ്മയോടൊപ്പം അനുഗ്രഹവഴിയേ

**പ്രിൻസി മൈലാടിയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**ഒന്നാം ദിവ്യരഹസ്യം**

ഗബ്രിയേൽ ദൈവദൂതന്റെ മംഗളവാർത്ത ശ്രവിച്ചുകൊണ്ട് തന്റെ ദൈവവിളിയെ തിരിച്ചറിഞ്ഞ പരി. അമ്മയെ നമുക്കു ധ്യാനിക്കാം. 1 സ്വർഗ, 10. നന്മ, 1 ത്രിത്വ.

**രണ്ടാം ദിവ്യരഹസ്യം**

കൃപ നിറഞ്ഞവളേ, സ്വസ്തി എന്ന ഗബ്രിയേൽ ദൈവദൂതന്റെ വാക്കുകളിലൂടെ എളിയ ജീവിതമാണ് സമർപ്പണത്തിന്റെ ഔന്നത്യമെന്ന് വെളിപ്പെടുത്തിയ പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

1 സ്വർഗ, 10. നന്മ, 1 ത്രിത്വ.

**മൂന്നാം ദിവ്യരഹസ്യം**

തന്റെ ദൈവവിളിയുടെ പ്രത്യുത്തരമായി ദാസി എന്നു സ്വയം സംബോധന ചെയ്തുകൊണ്ട് ദൈവഹിതത്തിന് പരിപൂർണ്ണ സമർപ്പണം നടത്തിയ പരി. അമ്മയെ നമുക്കു ധ്യാനിക്കാം.

1 സ്വർഗ, 10. നന്മ, 1 ത്രിത്വ.

**നാലാം ദിവ്യരഹസ്യം**

പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ ദൈവവചനത്തെ ഗർഭം ധരിക്കുന്ന പരി. അമ്മയെ നമുക്കു ധ്യാനിക്കാം. 1 സ്വർഗ, 10. നന്മ, 1 ത്രിത്വ.

**അഞ്ചാം ദിവ്യരഹസ്യം**

ബെത്‌ലഹേമിലെ കാലിക്കൂട്ടിൽ ലോകരക്ഷകനായ ഉണ്ണി ഈശോയ്ക്ക് ജന്മം നല്കി ദൈവഹിതം പൂർത്തിയാക്കിയ പരി. അമ്മയെ നമുക്കു ധ്യാനിക്കാം. 1 സ്വർഗ, 10. നന്മ, 1 ത്രിത്വ.

**പ്രാർത്ഥിക്കാം**

ഓ മറിയമേ! ദൈവവചനത്തെ സ്വാഗതം ചെയ്തവളേ, ഞങ്ങൾക്കു ലഭിച്ച ദൈവവിളിയിൽ ജീവിക്കുവാനും നിലനിൽക്കുവാനും ഞങ്ങളെ അനുഗ്രഹിക്കണമെ. ദൈവസാന്നിദ്ധ്യത്താൽ ഞങ്ങളുടെ പ്രാർത്ഥനകളെ ശക്തിപ്പെടുത്തണമെ. വിശ്വാസത്തിൽ ബലഹീനരാകുമ്പോൾ പ്രതീക്ഷയാൽ ഞങ്ങൾക്കു കരുത്തേകണമെ. ദൈവസ്നേഹത്തിൽ ഞങ്ങളെ വളർത്തണമെ. നിന്റെ മാതൃസ്നേഹത്തിന്റെ തണലിൽ ഈശോയ ശ്രവിക്കുവാൻ ഞങ്ങളെ പ്രാപ്തരാക്കണമെ. ദയയും മാധുര്യവും നിറഞ്ഞ കന്യകാമറിയമേ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ, എന്നേക്കും ആമ്മേൻ!!!






വിചാരണ

# ചുംബനസമരത്തിന്റെ പിന്നാമ്പുറങ്ങൾ

ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ

കൊച്ചിയിലെ ചുംബനസമരം കഴിഞ്ഞിട്ട് കുറച്ചു നാളുകളായി. എന്നാൽ അത് ഉയർത്തിവിട്ട തരംഗങ്ങൾ ഇപ്പോഴും സമൂഹത്തിൽ സജീവമാണ്. സമരത്തിൽ പങ്കെടുത്തത് മുപ്പതോ അമ്പതോ പേരാണ്. അതിനെതിരെ പ്രതിഷേധവുമായി രംഗപ്രവേശനം ചെയ്തവർ അതിനേക്കാൾ രണ്ടുമൂന്നിരട്ടി വരും. സമരക്കാരും പ്രതിഷേധക്കാരും സമൂഹം ചിന്താവിഷയമാക്കേണ്ട ചില വാദഗതികൾ നിരത്തിയാണ് അവരുടെ പ്രവൃത്തികളെ ന്യായീകരിച്ചത്. അതിനിടയിൽ ചില തീവ്രനിലപാടുകാർ കലക്കവെള്ളത്തിൽ മീൻതപ്പി വന്നതായും വാർത്ത കണ്ടു. ഏതായാലും സമരക്കാരോ പ്രതിഷേധക്കാരോ മുതലെടുപ്പുകാരോ ഒന്നുമല്ല ഇവിടുത്തെ പ്രതിപാദ്യവിഷയം. മാധ്യമങ്ങളിലൊന്നും അധികം ചർച്ച ചെയ്യപ്പെടാത്ത മറ്റൊരു വിഭാഗം ആ സമരത്തിന്റെ ഭാഗമായിട്ടുണ്ടായിരുന്നു. അത് നാമുൾപ്പെടുന്ന പൊതുസമൂഹമാണ്. സമയവും സാഹചര്യവുമുള്ളവർ അന്ന് കൊച്ചിക്കു പോയി. മുപ്പതോ അമ്പതോ പേരുടെ ചുംബനസമരം കാണാൻ അന്നവിടെ കൂടിയത് പതിനായിരം പേർ!! പോകാനുള്ള സാഹചര്യം ഒക്കാത്തവർ ടെലിവിഷൻ ഓണാക്കി വേൾഡ് കപ്പ് കാണുന്ന ആകാംക്ഷയോടെ അതിന്റെ മുമ്പിലിരുന്നു!! യഥാർത്ഥത്തിൽ ചികിത്സ വേണ്ടത് ആർക്കാണ്?

ഒളിഞ്ഞുനോട്ടം ഇന്നത്തെ സമൂഹത്തിന്റെ ഒരു മാനസികരോഗമായി മാറിക്കൊണ്ടിരിക്കുകയാണോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. സോഷ്യൽ മീഡിയായിൽ അപ്‌ലോഡ് ചെയ്യപ്പെടുന്ന ജീവിതത്തിലെ സ്വകാര്യ നിമിഷങ്ങളും ഒളിക്യാമറാ ദൃശ്യങ്ങളും അവയ്ക്കു ലഭിക്കുന്ന ലൈക്കുകളും ഷെയറുകളുമൊക്കെ വിരൽ ചൂണ്ടുന്നത് ഈയൊരു യാഥാർത്ഥ്യത്തിലേക്കാണ്. സോഷ്യൽ മീഡിയായിലെ അംഗങ്ങൾ സമൂഹത്തിന്റെ നേർപതിപ്പാണെന്നു പൂർണമായും പറയാൻ കഴിയില്ലെങ്കിലും പൊതുസമൂഹത്തിന്റെ മാറിക്കൊണ്ടിരിക്കുന്ന സ്വഭാവശൈലികൾ തീർച്ചയായും അവിടെ കണ്ടെത്താൻ കഴിയും. അതുകൊണ്ടാണല്ലോ ഒളിഞ്ഞുനോക്കി കണ്ടിരുന്ന ചില കാഴ്ചകൾ നേരേ നോക്കിക്കാണാമെന്നു കേട്ടപ്പോൾ എല്ലാ പണികളും മാറ്റിവച്ച് പതിനായിരംപേർ കൊച്ചിക്കു വണ്ടി കയറിയത്.

കാണാൻ പാടില്ലാത്തതും കാണേണ്ട ആവശ്യമില്ലാത്തതുമായ കാര്യങ്ങൾ കാണാനുള്ള ജിജ്ഞാസ മനുഷ്യസഹജമാണെന്നു വേണമെങ്കിൽ പറയാം. എന്നാൽ മനുഷ്യസഹജമായ എല്ലാ ആഗ്രഹങ്ങളെയും സഫലമാക്കാൻ ശ്രമിക്കുന്നത് സംസ്കാരശൂന്യതയാണെന്നു നാം തിരിച്ചറിയണം. ചിലത് വേണ്ടെന്നു വയ്ക്കുവാനുള്ള പക്വത പെരുമാറ്റത്തിൽ ഉണ്ടായേ മതിയാകൂ. അങ്ങനെ ചില കാര്യങ്ങൾ വേണ്ടെന്നു വയ്ക്കുന്നത് വ്യക്തിസ്വാതന്ത്ര്യത്തിന്റെ ധ്വംസനമാണെന്നുള്ളതാണ് ന്യൂ ജനറേഷൻ സിദ്ധാന്തം. അങ്ങനെയെല്ലാ വികാരങ്ങളും അടിച്ചമർത്തി വയ്ക്കുന്നതുകൊണ്ടാണത്രേ നമ്മുടെ നാട്ടിൽ ഭീകരമായ പീഡനകഥകൾ കൂടിക്കൊണ്ടിരിക്കുന്നത്. എന്നാൽ എല്ലാ വികാരങ്ങളും സ്വാതന്ത്ര്യത്തോടെ പ്രകടിപ്പിക്കാൻ അവസരമുള്ള ന്യൂയോർക്ക് പട്ടണത്തിൽ കഴിഞ്ഞ ദിവസം ഒരു സ്ത്രീ ഏതാനും മിനിട്ടുകൾ ഒറ്റയ്ക്കു നടന്നപ്പോൾ നോട്ടത്തിലൂടെയും വാക്കിലൂടെയും പെരുമാറ്റത്തിലൂടെയും അനുഭവിക്കേണ്ടിവന്ന കഷ്ടതകൾ ആ സ്തീയുടെ സുഹൃത്ത് ഷൂട്ടുചെയ്ത് നമ്മെ കാണിച്ചതാണ്. അപ്പോൾ, മനസിൽ തോന്നുന്ന വികാരങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാൻ സ്വാതന്ത്ര്യം കിട്ടിയാൽ മനുഷ്യന് പക്വതയുണ്ടാകുമെന്നുള്ളത് വെറും തോന്നൽ മാത്രം.

മാനസീകാരോഗ്യവും പക്വതയുമുള്ള ഒരു സമൂഹം ഉണ്ടാകണമെങ്കിൽ ഓരോ വ്യക്തിയും പക്വതയുള്ളവനാകണം. അതിനു പണ്ടു കുടുംബങ്ങളിലുണ്ടായിരുന്ന കാർന്നോന്മാരുടെ ചില നിയന്ത്രണങ്ങളും വിദ്യാലയങ്ങളിലുണ്ടായിരുന്ന ശിക്ഷണങ്ങളുമൊക്കെ സഹായകമായിരുന്നു. എന്നാൽ വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ ഇന്നതൊക്കെ കേസെടുക്കാവുന്ന കുറ്റകൃത്യങ്ങളാകുമ്പോൾ രോഗാതുരമാകുന്നത് വളർന്നുവരുന്ന തലമുറയാണ്. ശിക്ഷണങ്ങളെ ശിക്ഷകളായി ധരിച്ച് കുടുംബത്തിൽനിന്നും വിദ്യാലയങ്ങളിൽനിന്നും അതു നീക്കിക്കളയുമ്പോൾ വളരുന്ന തലമുറ വികൃതമാക്കപ്പെടുമെന്നതിന് സംശയമില്ല. ചുംബനസമരം നടത്തിയവർ അതിന്റെ അടുത്തഘട്ടത്തിലേക്കു പ്രവേശിക്കും; കാണാൻ ഒരുലക്ഷം പേർ കൂടുകയും ചെയ്യും.





# പ്രതീക്ഷയുടെ പൂമൊട്ടുകൾ

"മഹിയിൽ വന്നെൻ മുറിവിനു ശാന്തം
സൗഖ്യം നല്കിയ കർത്താവേ, നിൻ
ജനനം മർത്യകുലത്തിനു നിത്യം
ഔഷധമാണെന്നറിയുന്നു ഞാൻ
വഴിയും സത്യവുമായവനേ, നീ
ചൊരിയും കൃപയെൻ ശാശ്വതജീവൻ"
(മംഗലവാർത്തക്കാലം, ശനി-റംശ)

For private circulation only

പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്